11
2025
സെപ്റ്റംബർ
വ്യാഴം
ചിങ്ങം 26

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 228 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-228 പേജ് 4. വില 2.00 രൂപ

02 ഓണ വിപണിയിൽ താരമായി കുടുംബശ്രീ
03 ലോട്ടറിയുടെ ജിഎസ്ടി വർധന: ധനകാര്യ മന്ത്രി ചർച്ച നടത്തി
04 അനാശാസ്യത്തിന് പോകുന്നവർക്കെതിരെ കേസെടുക്കാം': ഹൈക്കോടതി

# എൽസ 3: കേസ്: അന്വേഷണവും രക്ഷാപ്രവർത്തനവും ഇഴയുന്നു



കേരളതീരത്ത് എൽസ - ത്രീ എന്ന കപ്പൽ മുങ്ങിയതിനുശേഷം ഉള്ള നിഗൂഢതകൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും ദുരന്തനിവാരണ അതോറിട്ടിയും, ഡി ജി ഷിപ്പിങ്ങും ,എം എം ഡി യും സമൂഹത്തെ മൊത്തം ഇരുട്ടിൽ നിർത്തുന്ന നടപടികളാണ് എടുത്തിരിക്കുന്നത്.തീരത്തു നിന്നുംഎത്ര കിലോമീറ്റർ അകലെയാണ് കപ്പൽ മുങ്ങിയതെന്നതിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ പോലും ഇതുവരെയും ഈ സ്ഥാപനങ്ങളൊന്നും കൃത്യമായി നൽകി യിട്ടില്ല.ഇപ്പോൾ കിടക്കുന്ന സ്ഥാനത്തെ കുറിച്ചും വെളിപ്പെടുത്തിയിട്ടുമില്ല.ജൂലൈ 3 നകം അവശിഷ്ടങ്ങൾകപ്പലിൽ നിന്നും നീക്കം ചെയ്യണമെന്ന ഷിപ്പിംഗ് ഡയറക്ടർ ജനറലിന്റെ അന്ത്യശാസനം ഇനിയും നടപ്പായിട്ടില്ല.അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് നിയോഗിച്ച ടി ആൻഡ് ടി എന്ന വിഖ്യാതമായ കമ്പനി ജൂൺ 12 നു തന്നെ അതിന്റെ പ്രവർത്തനങ്ങൾ ദുരൂഹമായ സാഹചര്യത്തിൽ അവസാനിപ്പിച്ചു.തുടർന്ന് ഈ ദൗത്യം ഏറ്റെടുത്ത ലോകത്തെ ഏറ്റവും വലിയ സ്ഥാപനമായ സ്മിത്ത് സാൽവേജ് എന്ന കമ്പനി ആകട്ടെ ആഴ്ചകൾ കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല.ഏതാനും ആഴ്ചകൾക്കിടയിൽ തുലാവർഷം ആരംഭിച്ചാൽ കാലാവസ്ഥ വ്യതിയാനത്തിന്റെ പേരിൽ വീണ്ടും ഈ പ്രവർത്തനങ്ങൾ നീണ്ടുപോകും.

മത്സ്യത്തൊഴിലാളികളുടെ ശക്തമായ പ്രതിഷേധത്തിന്റെയും കോടതി ഇടപെടലിന്റെയും ഭാഗമായി കേസെടുത്ത സംസ്ഥാന സർക്കാർ ആകട്ടെ 9531 കോടി രൂപയുടെ നഷ്ട പരിഹാരം ആവശ്യപ്പെടുകയുണ്ടായി.എന്നാൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുന്ന ഏതെങ്കിലും രേഖകൾ ഇതുവരെയായും അവർ കോടതിയിൽ സമർപ്പിച്ചിട്ടുമില്ല.അപകട സമയത്തെ കപ്പലിന്റെ വോയേജ് ഡാറ്റ റെക്കോർഡർ,ലോഗ് ബുക്ക് ,വോയേജ് ചാർട്ട് തുടങ്ങിയവ ഇനിയും സമർപ്പിച്ചിട്ടില്ല.എന്തിനധികം, കപ്പലിലെ കണ്ടെയ്നറുകളിലെ ഉള്ളടക്കത്തെ സംബന്ധിച്ച കാർഗോ മാനിഫെസ്റ്റ് പോലും ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.കൊച്ചിയിലെ കസ്റ്റംസ് കമ്മിഷണർ ഓഫീസിൽ നിന്നും എളുപ്പത്തിൽ ലഭ്യമാകേണ്ട ഈ രേഖകൾ പോലും ഇനിയും സമർപ്പിച്ചിട്ടുമില്ല.അഡാനി പോർട്ടോ,കസ്റ്റംസ് വകുപ്പോ,മർക്കണ്ടയിൽ മറൈൻ ഡിപ്പാർട്ട്മെന്റോ ഈ വിഷയത്തിൽ ബോധപൂർവ്വമായ നിശബ്ദതയാണ് പാലിച്ചിരിക്കുന്നത്.അന്താരാഷ്ട്ര ചരക്ക് നീക്കത്തിന്റെ ഒരു കേന്ദ്രമായ ഒരു തുറമുഖത്ത് അവശ്യം ആവശ്യമായിരിക്കുന്നപരിശോധന സംവിധാനം പോലും ഇനിയും സ്ഥാപിച്ചിട്ടില്ല എന്നതും ദുരൂഹമാണ് . 'ചുരുക്കത്തിൽ സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാർ സ്ഥാപനങ്ങളോ ഈ വിഷയത്തിൽ ഉത്തരവാദിത്വപൂർണ്ണമായ ഒരു സമീപനം അല്ല സ്വീകരിച്ചിരിക്കുന്നത്.കപ്പൽ കമ്പനിയെ തങ്ങളോടൊപ്പം ചേർത്തുപിടിക്കേണ്ട ഒരു പാർട്ണർ എന്ന നിലയിൽ കണ്ടുകൊണ്ട് അനു നയത്തിൽ വിഷയം പരിഹരിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോഴും സംസ്ഥാന സർക്കാർ നിൽക്കുന്നത് എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. 'തൊട്ടടുത്ത രാജ്യമായ ശ്രീലങ്കയിൽ 2021ൽ മുങ്ങിയ എക്സ്പ്രസ്സ് പോൾ എന്ന കപ്പൽ കമ്പനി ഒരു ബില്യൺ ഡോളർ (8800 കോടി രൂപ)നഷ്ടപരിഹാരം നൽകാൻ ശ്രീലങ്കൻ സുപ്രീം കോടതിയുടെ അഞ്ചംഗ ഡിവിഷൻബെഞ്ച് വിധിച്ചത് ഈ അടുത്ത കാലത്താണ്.

ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കേരള മത്സ്യത്തൊഴിലാളി ഐക്യവേദി ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിരിക്കുകയാണ്.കപ്പലിന്റെ അവശിഷ്ടങ്ങളിലും കണ്ടെയ്നറുകളിലും തട്ടി വലകൾ കീറിയ മത്സ്യത്തൊഴിലാളികളുടെനഷ്ടപരിഹാരം സംബന്ധിച്ച കേസിൽ ഇടപെട്ട അഡ്വക്കേറ്റ് ജനറൽ ആകട്ടെ,ഇവരെ കക്ഷി ചേർക്കാനോ, വാദം കേൾക്കാനോ തയ്യാറാകരുത് എന്ന വിചിത്ര നിലപാടാണ് സ്വീകരിച്ചത്.ഇത് അങ്ങേയറ്റം പ്രതിഷേധാർഹമായ ഒരു കാര്യമാണ്.ദുരൂഹമായ ഉറവിടങ്ങൾ ഉള്ള ഒരു കപ്പൽ കമ്പനി യോടൊപ്പമോ മത്സ്യത്തൊഴിലാളികളോടൊപ്പമോ സർക്കാർഎന്ന ചോദ്യത്തിന് ഉത്തരം നൽകേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

(ചാൾസ് ജോർജ്, സംസ്ഥാന പ്രസിഡൻറ്, കേരള മത്സ്യത്തൊഴിലാളി ഐക്യവേദി)



## ഏഷ്യ കപ്പ് ക്രിക്കറ്റ്: യുഎയ്ക്കെതിരെ ഇന്ത്യയ്ക്ക് അനായാസ ജയം

ദുബായ്: ഏഷ്യ കപ്പ് ക്രിക്കറ്റ് യുഎഇയ്ക്കെതിരായ മത്സരത്തിൽ ഇന്ത്യയ്ക്ക് അനായാസ ജയം. ഇന്ന് നടന്ന മത്സരത്തിൽ ഒൻപത് വിക്കറ്റിനാണ് ഇന്ത്യ വിജയിച്ചത്.

യുഎഇ ഉയർത്തിയ 58 റൺസ് വിജയലക്ഷ്യം 4.3 ഓവറിൽ ഇന്ത്യ മറികടന്നു. ഇന്ത്യയ്ക്ക് വേണ്ടി അഭിഷേക് ശർമ 30 റൺസും ശുഭ്മാൻ ഗിൽ 20 റൺസും എടുത്തു. നായകൻ സൂര്യകുമാർ യാദവ് ഏഴ് റൺസെടുത്തു.

അഭിഷേക് ശർമയുടെ വിക്കറ്റ് മാത്രമാണ് ഇന്ത്യയ്ക്ക് നഷ്ടമായത്. ജുനൈദ് സിദ്ദിഖിയാണ് യുഎഇയ്ക്ക് വേണ്ടി വിക്കറ്റ് വീഴ്ത്തിയത്. നേരത്തെ ആദ്യം ബാറ്റ് ചെയ്ത യുഎഇ 57 റൺസിൽ ഓൾഔട്ടായിരുന്നു. 22 റൺസെടുത്ത അലിഷൻ ഷറഫുവിനും 19 റൺസെടുത്ത നായകൻ മുഹമ്മദ് വസീമിനും മാത്രമാണ് യുഎഇ നിരയിൽ പിടിച്ചുനിൽക്കാനായത്. യുഎഇ നിരയിൽ മറ്റാർക്കും രണ്ടക്കം കടക്കാനായില്ല.

ഇന്ത്യയ്ക്ക് വേണ്ടി കുൽദീപ് യാദവ് നാല് വിക്കറ്റെടുത്തു. ശിവം ദുബെ മൂന്നും ജസ്പ്രീത് ബുംറ, അക്സർ പട്ടേൽ, വരുൺ ചക്രവർത്തി എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

## ഖത്തറിന് പിന്തുണയുമായി യുഎഇ പ്രസിഡൻറ് ദോഹയിൽ

ദോഹ: ഖത്തറിന് പിന്തുണയുമായി യുഎഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ രാജ്യതലസ്ഥാനമായ ദോഹയിലെത്തി. ഇസ്രയേലി ആക്രമണത്തിന് പിന്നാലെ ഖത്തറിന് ഐക്യദാർഢ്യവുമായാണ് കൂടുതൽ അറബ് രാജ്യതലവന്മാർ ദോഹയിലെത്തുമെന്നാണ് വിവരം.

ഇന്ന് വൈകുന്നേരം ദോഹയിലെത്തിയ യുഎഇ പ്രസിഡൻറ് ഖത്തർ ഭരണകൂടത്തിലെ ഉന്നതരുമായി കൂടിക്കാഴ്ച നടത്തും. സൗദി, ജോർദാൻ ഭരണാധിപൻമാരും ഇന്ന് ദോഹയിൽ എത്തുന്നുണ്ട്. ഇസ്രയേൽ ആക്രമണത്തെ അപലപിച്ച് ഒമാൻ സുൽത്താനും പ്രസ്താവനയിറക്കി.

ഇസ്രായേലിനെതിരെ രൂക്ഷവിമർശനവുമായി ഖത്തറിലെ ഷൂറ കൗൺസിലും രംഗത്തെത്തി. യുഎഇ അന്താരാഷ്ട്ര സഹകരണ സഹമന്ത്രി റീം അൽ ഷാഷ്മിയുമായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി കൂടിക്കാഴ്ച നടത്തി. ഇസ്രയേൽ ഖത്തറിൽ നടത്തിയ ആക്രമണം അടക്കം വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. ഖത്തറിലെ ഇസ്രയേൽ ആക്രമണത്തിൽ പ്രതിഷേധം രൂക്ഷമാകുകയാണ്.

ലോകരാജ്യങ്ങളെ ഞെട്ടിച്ച് കൊണ്ടാണ് ഖത്തറിൽ ഇസ്രയേലിന്റെ ആക്രമണം നടന്നത്. വെടിനിർത്തൽ ചർച്ചയ്ക്കായി ഖത്തറിലെ ദോഹയിലെത്തിയ ഹമാസ് നേതാക്കളെ ലക്ഷ്യമിട്ടായിരുന്നു ഇസ്രയേൽ ആക്രമണം. ഹമാസ് നേതാക്കൾ ഒത്തുകൂടിയ ദോഹയിലെ കെട്ടിടം ലക്ഷ്യമിട്ട് നടത്തിയ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇസ്രയേൽ ഏറ്റെടുത്തിരുന്നു.

ഹമാസ് തലവനടക്കം ആര് പേരെ വധിച്ചെന്നും അമേരിക്കയെ അറിയിച്ച ശേഷമാണ് ആക്രമണമെന്നും ആണ് ഇസ്രയേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്.

# രാജ്യവ്യാപകമായി എസ്ഐആർ

## ഒക്ടോബറിൽ തയാറെടുപ്പ് തുടങ്ങാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ




ന്യൂഡൽഹി: നിർണായക തീരുമാനവുമായി ദേശീയ തെരഞ്ഞെടുപ്പ് കമ്മീഷൻ. രാജ്യവ്യാപകമായി വോട്ടർ പട്ടികയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്താനാണ് നീക്കം.

ഒക്ടോബറിൽ ഇതിനായുള്ള നടപടികൾ ആരംഭിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വൃത്തങ്ങൾ അറിയിച്ചു. ബുധനാഴ്ച എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാരുമായി (സിഇഒ) നടത്തിയ യോഗത്തിലാണ് ഈ നിർദേശത്തിന് അംഗീകാരം ലഭിച്ചത്.

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി തെരഞ്ഞെടുപ്പ് കമ്മീഷൻ സമാനമായ ഒരു വോട്ടർ പട്ടിക പരിഷ്കരണം നടത്തിയിരുന്നു. ഈ പ്രക്രിയ ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും.

ബിഹാർ തെരഞ്ഞെടുപ്പ് അവസാനിക്കുന്നതിന് മുൻപ് തന്നെ പ്രത്യേക തീവ്ര പുനരവലോകനം (Special Intensive Revision SIR) പ്രഖ്യാപിച്ചേക്കുമെന്നും വൃത്തങ്ങൾ പറയുന്നു. സിഇഒമാരുമായി നടത്തിയ യോഗത്തിൽ, എപ്പോൾ പുനരവലോകനത്തിന് തയാറാകാൻ സാധിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ചോദിച്ചു.

സെപ്റ്റംബറോടെ അടിസ്ഥാനപരമായ കാര്യങ്ങൾ പൂർത്തിയാക്കുമെന്നും ഒക്ടോബറിൽ നടപടികൾ ആരംഭിക്കുമെന്നും മിക്ക ഉദ്യോഗസ്ഥരും ഉറപ്പ് നൽകി. മൂന്നര മണിക്കൂറിലധികം നീണ്ട ഈ യോഗത്തിൽ, പ്രത്യേക തീവ്ര പുനരവലോകനത്തിനുള്ള തയ്യാറെടുപ്പുകളും മറ്റ് കാര്യങ്ങളും ചർച്ച ചെയ്തു.

വോട്ടർമാരെ പരിശോധിക്കാൻ ഉപയോഗിക്കാവുന്ന രേഖകളുടെ പട്ടിക തയ്യാറാക്കാനും തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന സിഇഒമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഓരോ പ്രദേശത്തും സാധാരണയായി അംഗീകരിക്കപ്പെടുന്നതും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ സർട്ടിഫിക്കറ്റുകളെ അടിസ്ഥാനമാക്കിയായിരിക്കും ഈ പട്ടിക.

## തിരുവനന്തപുരം വിമാനത്താവളത്തിൽ ഇനി ക്യൂ നിൽക്കേണ്ട: ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ഉദ്ഘാടനം ഇന്ന്

### കേന്ദ്ര മന്ത്രി അമിത് ഷാ വെർച്വലായി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് ഇമിഗ്രേഷൻ നടപ്പിലാക്കുന്ന 'ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം (എഫ്ടിഐ-ടിടിപി) തിരുവനന്തപുരം വിമാനത്താവളത്തിൽ അവതരിപ്പിക്കുന്നു. കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി ശ്രീ അമിത് ഷാ പരിപാടിയുടെ ഉദ്ഘാടനം 2025 സെപ്റ്റംബർ 11ന് രാവിലെ 11: 30ന് വെർചലായി നിർവഹിക്കും. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ ടെർമിനൽ 2ലെ ഡിപ്പാർച്ചർ ഇമിഗ്രേഷൻ ഏരിയയിൽ വീഡിയോ കോൺഫറൻസിലൂടെയാണ് ഉദ്ഘാടനം. ഇതോടെ യാത്രക്കാർക്ക് ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും.

ഇന്ത്യൻ പൗരന്മാർ, ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ കാർഡ് കൈവശമുള്ള വിദേശ പൗരന്മാർ എന്നിവർക്ക് ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്നതിനായാണ് ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലേഴ്സ് പ്രോഗ്രാം (എഫ്ടിഐ-ടിടിപി) ആരംഭിച്ചത്. യോഗ്യരായ അപേക്ഷകർ, അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്ന ഡാറ്റ ഫീൽഡുകൾ അനുസരിച്ച് ആവശ്യമായ വിവരങ്ങൾക്ക് പുറമേ ബയോമെട്രിക്സ് നൽകേണ്ടതുണ്ട്. ആവശ്യമായ പരിശോധനകൾക്കും യോഗ്യതയും അടിസ്ഥാനമാക്കിയാണ് പ്രോഗ്രാമിലേക്കുള്ള എൻറോൾമെന്റ് നടത്തുക. എഫ്ടിഐ-ടിടിപിയുടെ കീഴിലുള്ള ഇഗേറ്റ്സ് സൗകര്യം ഇപ്പോൾ ഡൽഹി, മുംബൈ, അഹമ്മദാബാദ്, കൊൽക്കത്ത, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, കൊച്ചി തുടങ്ങിയ എട്ട് വിമാനത്താവളങ്ങളിൽ ലഭ്യമാണ്.



# ദേശീയ പുരസ്കാരം നേടി കെ.എസ്.എഫ്.ഇ

സ്വദേശ് സമ്മാൻ ദേശീയ പുരസ്കാരം നേടി കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ). കേന്ദ്ര ടൂറിസം – സാംസ്കാരിക വകുപ്പ് മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ആറാമത് സ്വദേശി കോൺക്ലേവിൽ കെ.എസ്.എഫ്.ഇ. ചെയർമാൻ വരദരാജൻ, മാനേജിങ് ഡയറക്ടർ ഡോ. എസ്.കെ. സനിൽ എന്നിവർക്ക് സ്വദേശ് സമ്മാൻ പുരസ്ക്കാരം കൈമാറി. ഒരു ലക്ഷം കോടി രൂപ ബിസിനസ് നേടുന്ന രാജ്യത്തെ ആദ്യ എംഎൻബിസി എന്ന നേട്ടത്തിനു പിന്നാലെയാണ് ദേശീയ പുരസ്ക്കാരം കെഎസ്എഫ്ഇയെ തേടിയെത്തിയത്.സുപ്രീം കോടതി ജസ്റ്റിസ് കൊടീശ്വർ സിംഗ് ചടങ്ങിൽ കെ എസ് എഫ് ഇയ്ക്കു കീർത്തി പത്രം സമ്മാനിച്ചു. കേന്ദ്ര ഐ.ടി. സഹമന്ത്രി ജതിൻ പ്രസാദിന്റെ സാന്നിധ്യത്തിലാണ് ദേശീയ അവാർഡ് പുരസ്ക്കാര ചടങ്ങുകൾ നടന്നത്.

വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ലഭിക്കുന്ന ദേശീയ ബഹുമതിയാണ് 'സ്വദേശ് സമ്മാൻ' പുരസ്കാരം. മുൻ ചീഫ് ജസ്റ്റിസും പ്രമുഖ വ്യവസായികളും കലാകാരന്മാരും അടങ്ങുന്ന ഒമ്പതംഗ ജഡ്ജിങ് പാനലാണ് പുരസ്ക്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

കെ.എസ്.എഫ്.ഇയുടെ 'ഈ നാടിന്റെ ധൈര്യം' എന്ന പുതിയ മുദ്രാവാചകം മുഖ്യമന്ത്രി പിണറായി വിജയനാണ് അടുത്തിടെ പ്രകാശനം ചെയ്തത്. സ്വദേശ് സമ്മാൻ പുരസ്ക്കാരം ലഭിച്ചതിലൂടെ ഈ മുദ്രാവാചകം അന്വർത്ഥമാവുകയാണെന്ന് കേരള സംസ്ഥാന ധനകാര്യ മന്ത്രി കെ. ബാലഗോപാൽ പറഞ്ഞു. ഇത് കേരള ജനതയോടുള്ള സർക്കാറിന്റെ സാമ്പത്തിക പ്രതിബദ്ധതയുടെ ഒരു പുനർസ്ഥിരീകരണമാണെന്നും രാജ്യം ആ ധൈര്യത്തെ അംഗീകരിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിശ്വാസ്യത, സുതാര്യത, കേരള സർക്കാർ നൽകുന്ന ഉറപ്പ് എന്നിവയാണ് കെ.എസ്.എഫ്.ഇ.യുടെ പ്രധാന ശക്തികളെന്ന് ചെയർമാൻ വരദരാജൻ പറഞ്ഞു. ഇപ്പോഴത്തെ സർക്കാരിന്റെ ഭരണകാലയളവിൽ കെ.എസ്.എഫ്.ഇ.യുടെ ബിസിനസ് ഇരട്ടിച്ചു ഒരു ലക്ഷം കോടി രൂപയായി മാറിയിരിക്കുന്നു.സ്ഥിരമായ ലാഭക്ഷമത, ദീർഘവീക്ഷണമുള്ള ലക്ഷ്യങ്ങൾ, നവീകരണ ശ്രമങ്ങൾ, സാങ്കേതിക മുന്നേറ്റങ്ങൾ, ജീവനക്കാരുടെ സംഭാവനകൾ എന്നിവയുടെ ഫലമാണ് ഈ പുരസ്ക്കാരമാണ് അവാർഡ് ഏറ്റുവാങ്ങിയവേളയിൽ കെ എസ് എഫ് ഇ മാനേജിങ് ഡയറക്ടർ ഡോ. എസ്.കെ. സനിൽ പറഞ്ഞു. 2024–25 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ 512 കോടി രൂപ ലാഭം രേഖപ്പെടുത്തി. പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ സ്ഥിരമായി ലാഭം രേഖപ്പെടുത്തുന്ന പ്രസ്ഥാനമാണ് ഇതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു കോടി ഉപഭോക്താക്കൾ എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ് ഇപ്പോൾ കെഎസ്എഫ്ഇ.

# കൊല്ലാൻ അധികാരമുണ്ടെന്നു കരുതുന്നവർ സേനയിലുണ്ട്; പോലീസുകാരന്റെ എഫ്ബി പോസ്റ്റ് വൈറൽ

കൊച്ചി: കള്ളക്കേസെടുക്കാനും കൊല്ലാനും അധികാരമുണ്ടെന്നു കരുതുന്നവർ സേനയിലുണ്ടെന്ന പോലീസുകാരന്റെ എഫ്ബി പോസ്റ്റ് വൈറൽ.

ആഭ്യന്തര വകുപ്പിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഗുണ്ടാ ബന്ധത്തെക്കുറിച്ച് മുഖ്യമന്ത്രിക്ക് കത്തയച്ചതിന്റെ പേരിൽ സസ്പെൻഷനിൽ കഴിയുന്ന സീനിയർ സിവിൽ പോലീസ് ഓഫീസർ ഉമേഷ് വള്ളിക്കുന്നാണ് കുന്നംകുളം പോലീസ് മർദനത്തിന്റെ പശ്ചാത്തലത്തിൽ ഫേസ്ബുക്ക് പോസ്റ്റിട്ടത്. കുന്നംകുളം പോലീസ് മർദനത്തെ വിമർശിച്ച് പോസ്റ്റിട്ടപ്പോൾ ഒരുപാട് പോലീസുകാർ വിളിച്ച് പിന്തുണ അറിയിച്ചെന്നും എന്നാൽ, രണ്ടുപേർ മാത്രം ന്യായീകരിച്ച് സംസാരിച്ചെന്നും പറഞ്ഞാണ് ഉമേഷിന്റെ പോസ്റ്റ്.

കൈക്കൂലി വാങ്ങാനും സാമ്പത്തിക ഇടപാടുകൾ സെറ്റിൽ ചെയ്ത് ഷെയർ ചോദിച്ചു വാങ്ങാനും അതിന്റെ പങ്ക് പാർട്ടിക്കും മേലധികാരികൾക്കും വീതംവയ്ക്കാനും അധികാരമുണ്ടെന്ന് കരുതുന്ന ഒരുപാടു പേരുടെ പ്രതിനിധികളാണ് ഇവരെന്നും ഉമേഷ് പറയുന്നു. ഐപിഎസുകാർ മുതൽ സിപിഒമാർ വരെ അക്കൂട്ടത്തിലുണ്ട്. അവർ ന്യൂനപക്ഷമാണെങ്കിലും പോലീസിൽ അവർക്കാണ് മേൽക്കൈയും അധികാരവും. കാരണം അധികാരം പ്രയോഗിക്കാനും അതിനു വരുന്ന തടസങ്ങളെ തൂത്തെറിയാനും കെൽപ്പുള്ളവരും കൈക്കൂലിപ്പണവും ബന്ധങ്ങളുമുപയോഗിച്ച് ഭരണകൂടത്തെ വരെ സ്വാധീനിക്കാനും മിടുക്കുള്ളവരാണവർ. കൈക്കൂലി വാങ്ങാത്തവരോ മർദകരോ അല്ലാത്ത വലിയ വിഭാഗം പോലീസുകാർ ഇത്ര മിടുക്ക് ഇല്ലാത്തതിനാൽ നിശബ്ദരായി ജോലി ചെയ്തു പോകുമെന്ന് സിപിഒ ഉമേഷ് പറയുന്നു. പോലീസിൽ എത്രയധികം നല്ല ഓഫീസർമാർ വന്നാലും ഈ സിസ്റ്റത്തെ ശുദ്ധീകരിക്കൽ എളുപ്പമല്ല. എന്തെന്നാൽ അതിനകത്തെ എതിർപക്ഷത്തിനു കിട്ടുന്ന പരിഗണനയോ സംരക്ഷണമോ അവർക്ക് കിട്ടില്ല. ജീവിതവും ജീവനും കളഞ്ഞ് സിസ്റ്റത്തിന്റെ ഇരയാവുകയായിരിക്കും ഫലം. ഇച്ഛാശക്തിയുള്ള, ബോധമുള്ള ഭരണനേതൃത്വത്തിനു മാത്രമേ ഈ സംവിധാനത്തെ മനുഷ്യത്വപരമാക്കാനും മുന്നോട്ടു നയിക്കാനും സാധിക്കൂവെന്നും ഉമേഷ് ഫേസ്ബുക്ക് പോസ്റ്റിൽ വ്യക്തമാക്കുന്നു.

## തൃശൂരിൽ മദ്യലഹരിയിൽ മകൻ അച്ഛനെ കുത്തിക്കൊന്നു

തൃശൂർ: മദ്യലഹരിയിൽ മകൻ അച്ഛനെ കുത്തിക്കൊന്നു. കൊരട്ടി ആറ്റപാടത്താണ് സംഭവം. സെക്യൂരിറ്റി ജീവനക്കാരൻ ജോയ് ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ മകൻ ക്രിസ്റ്റി(28)യെ പോലീസ് അറസ്റ്റ് ചെയ്തു. ഇയാളെ ചോദ്യം ചെയ്തുവരികയാണ്.

## തിരുവനന്തപുരത്ത് പ്ലസ് ടു വിദ്യാർഥിനി തൂങ്ങി മരിച്ച നിലയിൽ

തിരുവനന്തപുരം: പാറശാലയിൽ പ്ലസ് ടു വിദ്യാർഥിനിയെ വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പെരുവിള പുല്ലൂർക്കോണത്ത് ലിനു രാജ് – ജതിജാ ദമ്പതികളുടെ മകളായ നയന(17) ആണ് മരിച്ചത്. പാറശാല ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിനിയാണ് നയന. കഴിഞ്ഞ രാത്രിയിൽ ഭക്ഷണം കഴിച്ച ശേഷം മുറിയിൽ കതകടച്ചു കിടന്നതാണ്. രാവിലെ മുറിയിൽ അനക്കമൊന്നും കാണാത്തതിനാൽ വീട്ടുകാർ വാതിൽ കൊട്ടി വിളിച്ചെങ്കിലും തുറന്നില്ല.

പിന്നാലെ വീട്ടുകാർ ജനൽ വഴി നോക്കിയപ്പോഴാണ് തൂങ്ങിയ നിലയിൽ മൃതദേഹം കണ്ടത്. ഇന്ന് ബന്ധുവിന്റെ വിവാഹം ആണെന്നതിനാൽ പുതിയ വസ്ത്രം ഉൾപ്പടെ വാങ്ങി ഒരുക്കത്തിലായിരുന്നെന്നും വീട്ടിലോ സ്കൂളിലോ മറ്റ് പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നതായി അറിയില്ലെന്നും നാട്ടുകാർ പറഞ്ഞു. വിരലടയാള വിദഗ്ദരടക്കം പോലീസ് സംഘം സ്ഥലത്തെത്തി നടപടികൾ പൂർത്തിയാക്കി മൃതദേഹം പോസ്റ്റുമോർട്ടത്തിനയച്ചു. പാറശാല പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമാണത്തിന് അനുമതി

പരവൂർ : പരവൂർ ഒല്ലാൽ റെയിൽവെ ലെവൽ ക്രോസിൽ മേൽപ്പാലം നിർമാണത്തിനായുള്ള പുതുക്കിയ അലൈൻമെൻറ ിന് റെയിൽവെ അംഗീകാരം നൽകിയതായി ജി.എസ്.ജയലാൽ എംഎൽഎ അറിയിച്ചു.

ഒല്ലാൽ മേൽപ്പാലത്തിനായുള്ള ഡ്രോയിംഗിൽ പലതവണ റെയിൽവെ തിരുത്തലുകൾ വരുത്തിയിരുന്നു. തുടർന്ന് റെയിൽവെ നൂതനമായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ അലൈൻമെൻറ് ഡ്രോയിംഗ് ആർബിഡിസികെ തയാറാക്കി സമർപ്പിച്ചത്. പ്രസ്തുത ജിഎഡിയ്ക്കാണ് ഇപ്പോൾ റെയിൽവെ അംഗീകാരം നൽകിയത്. ഇതോടെ ഇനി മേൽപ്പാലം നിർമാണത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കാൻ കഴിയും.

ആദ്യപടിയായി ഇതിനു സ്ഥലമേറ്റെടുക്കൽ രൂപരേഖ തയാറാക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്. ഈ ആഴ്ചതന്നെ ക്വട്ടേഷൻ നടപടികൾ പൂർത്തിയാക്കി മുപ്പത് ദിവസത്തിനകം സ്ഥലമേറ്റെടുപ്പ് രൂപരേഖ തയാറാക്കും. തുടർന്നാണ് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുക.പരവൂർ ഒല്ലാൽ ലെവൽക്രോസിൽ മേൽപ്പാലം നിർമിക്കുക എന്നത് ജനങ്ങളുടെ ദശാബ്ദങ്ങളായുള്ള ആവശ്യമായിരുന്നു.

കഴിഞ്ഞ എൽഡിഎഫ് സർക്കാർ പ്രസ്തുത പ്രവൃത്തി ബഡ്ജറ്റിലുൾപ്പെടുത്തി കിഫ്ബി വഴി 36.75 കോടി രൂപ അനുവദിച്ചിരുന്നു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡിനാണ് നിർവഹണ ചുമതല നൽകിയത്.

നിർവഹണ ഏജൻസിയായ ആർബിഡിസികെ വിശദമായ ഡിപിആർ തയാറാക്കി സമർപ്പിച്ചെങ്കിലും ഒല്ലാൽ മേൽപ്പാലം നിർമാണം റെയിൽവേ അവരുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താത്തതിനാൽ തുടർപ്രവർത്തനങ്ങൾ നടന്നില്ല.

നിയമസഭയിൽ സബ്മിഷനടക്കം അവതരിപ്പിച്ചു കൊണ്ട് ജി.എസ്. ജയലാൽ എംഎൽഎ നടത്തിയ നീക്കമാണ് വകുപ്പ് മന്ത്രി ഈ വിഷയത്തിൽ ഇടപെടാൻ കാരണമാകുന്നത്.ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമാണം റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള ഔദ്യോഗിക നടപടികൾക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയേയും ആർബിഡിസികെ എംഡിയേയും ചുമതലപ്പെടുത്തുകയായിരുന്നു.

ഇത് യാഥാർഥ്യമായതോടെയാണ് ജനറൽ അലൈൻമെൻറ് ഡ്രോയിംഗ് തയാറാക്കുന്നതിന് ആർബിഡിസി കെയ്ക്ക് അനുമതി നൽകുന്നത്.സ്ഥലമേറ്റെടുക്കൽ നടപടി ഉടൻ പൂർത്തിയായാൽ പാലം പണി ആരംഭിക്കാൻ കഴിയുമെന്ന് ജി.എസ്. ജയലാൽ എംഎൽഎ അറിയിച്ചു.

## കേരള സർവകലാശാല രജിസ്ട്രാർ പദവി തർക്കം; സസ്പെൻഷനെതിരായ കെ. എസ്. അനിൽകുമാറിന്റെ ഹർജി തള്ളി

തിരുവനന്തപുരം: കേരള സർവകലാശാല രജിസ്ട്രാർ തർക്കത്തിൽ ഡോ. കെ. എസ്. അനിൽകുമാറിന് തിരിച്ചടി. സസ്പെൻഷൻ നടപടിക്കെതിരെ അനിൽകുമാർ നൽകിയ ഹർജി ഹൈക്കോടതി തള്ളി. ഇതോടെ രജിസ്ട്രാർ സ്ഥാനത്ത് നിന്ന് കെ. എസ്. അനിൽകുമാറിനെ സസ്പെൻഡ് ചെയ്ത വിസിയുടെ നടപടി തുടരും. അനിൽകുമാറിന്റെ സസ്പെൻഷൻ തുടരണമോയെന്ന് സിൻഡിക്കേറ്റിന് വീണ്ടും യോഗം ചേർന്ന് തീരുമാനിക്കാമെന്നും ഹൈക്കോടതി ഹർജി തള്ളിക്കൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കി. അതിർത്തി കടന്നെത്തി റഷ്യൻ ഡ്രോണുകൾ; വെടിവച്ചിട്ട് പോളണ്ട്

## തൊട്ടാൽ കൈപൊള്ളും; സ്വർണത്തിന് വീണ്ടും വിലകൂടി

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും വർധന. പവന് 160 രൂപ കൂടി 81,040 രൂപയായി. ഗ്രാമിന് 20 രൂപയും വർധിച്ചു. 10, 130 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കിലാണ് സ്വർണവില. ഇന്നലെയാണ് സ്വർണവില 80, 000 കടന്നത്. കുറച്ച് അധികം നാളുകളായി സ്വർണവിലയിൽ വലിയ വർധനവ് ആണ് രേഖപ്പെടുത്തുന്നത്. ഇന്നലെ പവന് 1000 രൂപയാണ് വർധിച്ചത്. കഴിഞ്ഞ മാസം എട്ടിന് 75,760 രൂപയായിരുന്നു സ്വർണവില. പിന്നീട് 20–ാം തീയതി വരെയുള്ള കാലയളവിൽ 2300 രൂപ താഴ്ന്ന ശേഷം തുടർന്നുള്ള ദിവസങ്ങളിൽ സ്വർണവില തിരിച്ചുകയറുകയായിരുന്നു. അമേരിക്ക 50 ശതമാനം തീരുവ ചുമത്തിയത് അടക്കമുള്ള ഘടകങ്ങളാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്.

## റായ്ബറേലിയിൽ രാഹുൽ ഗാന്ധിക്കെതിരെ ബിജെപി പ്രതിഷേധം

ലക്നോ: റായ്ബറേലിയിൽ രാഹുൽ ഗാന്ധിക്കെതിരെ ബിജെപി പ്രതിഷേധം. രാഹുൽ ഗാന്ധിയുടെ വാഹന വ്യൂഹം ബിജെപി പ്രവർത്തകർ തടഞ്ഞു.

പ്രധാനമന്ത്രിയുടെ മാതാവിനെതിരായ പ്രസ്താവനയിലാണ് പ്രതിഷേധം ഉയർന്നത്. രാഹുൽഗാന്ധി മാപ്പു പറയണമെന്ന് ബിജെപി ആവശ്യപ്പെട്ടു. വോട്ട് അധികാർ യാത്രയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമ്മയ്ക്കെതിരെ മോശം പരാമർശം നടത്തിയതിന് മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ട് ഉത്തർപ്രദേശ് മന്ത്രി ദിനേശ് പ്രതാപ് സിംഗ് റായ്ബറേലിയിലെ ഒരു ഹൈവേയിൽ വച്ച് രാഹുൽ ഗാന്ധിയുടെ വാഹനവ്യൂഹം തടഞ്ഞു. രാഹുൽ ഗാന്ധി ഹർചന്ദ്പൂരിലേക്ക് പോകുമ്പോൾ കത്വാര ഹൈവേയിൽ ദിനേശ് പ്രതാപ് സിംഗും അനുയായികളും ധർണ നടത്തി. 'രാഹുൽ ഗോ ബാക്ക്' മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളുമായാണ് ബിജെപി പ്രവർത്തകർ എത്തിയത്.

# ഓണ വിപണിയിൽ താരമായി കുടുംബശ്രീ : കൊയ്തെടുത്തത് ലക്ഷങ്ങൾ

കൊല്ലം: ഓണവിപണിയിൽ കൊല്ലം ജില്ലയിലെ കുടുംബശ്രീക്കാർ താരമായി. ലക്ഷങ്ങളുടെ നേട്ടമാണ് കുടുംബശ്രീക്കാർ ഈ കൊല്ലം നേടിയത്. ഈ വർഷം 2.70 കോടിയാണ് നേടിയത്.ജില്ലയിൽ 145 കുടുംബശ്രീ ഓണം പ്രദർശന വിപണന മേളകളാണ് കുടുംബശ്രീ സംരംഭകർ നടത്തിയത്. 1.17 കോടിയാണ് ഓണം മേളകളിൽ നിന്ന് കഴിഞ്ഞ വർഷം കുടുംബശ്രീ നേടിയത്.കരുനാഗപ്പള്ളി, പെരിനാട്, ചാത്തന്നൂർ, കല്ലുവാതുക്കൽ, നിലമേൽ, ചിത്തറ, പവിത്രേശ്വരം, കൊറ്റങ്കര, മയ്യനാട് സിഡിഎസുകളിൽ രാത്രികാലത്തും ഓണം വിപണമേള സജീവമായി.പ്രാദേശിക മേളകളിൽ ജില്ലയിലെ 6151 സംരംഭകരുടെ പങ്കാളിത്തമുണ്ടായി. നെടുമങ്കാവിൽ സംഘടിപ്പിച്ച ജില്ലാതല മേളയിൽ 30ൽ പരം കുടുംബശ്രീ സംരംഭകരാണ് പങ്കെടുത്തത്.

ഇവിടെ 6.15 ലക്ഷം രൂപ നേടാനായി. ആശ്രാമം മൈതാനത്ത് നടന്ന ജില്ലാ പഞ്ചായത്തിന്റെ ഫാം ഫെസ്റ്റിലും നബാർഡിന്റെ സഹകരണത്തോടെ നടത്തിയ കുടുംബശ്രീ പ്രദർശന വിപണന മേളയിലുംനിന്ന് 8.6 ലക്ഷവും ജില്ലാ പഞ്ചായത്ത് ഫാംഫെസ്റ്റിനോട് ചേർന്നു നടത്തിയ ഭക്ഷ്യമേളയിലെ ആറു കഫേ യൂണിറ്റുകൾ 2.54 ലക്ഷവും നേടി.ഓണസദ്യയിലും ഓണം ഗിഫ്റ്റ് ഹാമ്പറിലും ഇത്തവണ സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം സ്വന്തമാക്കിയത് ജില്ല കുടുംബശ്രീ മിഷനാണ്. 1060ൽ അധികം ഗിഫ്റ്റ് ഓർഡറുകളാണ് ജില്ലയിൽ നിന്നുമാത്രം ലഭിച്ചത്.ഓണസദ്യ ഓർഡറുകൾ വഴി ജില്ലയിലെ തെരഞ്ഞെടുത്ത 65 കുടുംബശ്രീ കഫേ യൂണിറ്റുകൾ 44.50 ലക്ഷം നേടി. 27,278 ഓർഡറുകൾ ആണ് ആകെ ലഭിച്ചത്. 140, 170, 200 രൂപ നിരക്കിലാണ് ഓണസദ്യ ലഭ്യമാക്കിയത്. തിരുവോണം, അവിട്ടം, ചതയം ദിനങ്ങളിലെ ഓണം സദ്യ ഓർഡറുകൾക്ക് 50 രൂപ അധികം നിരക്ക് ഏർപ്പെടുത്തിയിരുന്നു. 10 ഓണസദ്യ ഓർഡറുകൾക്ക് താഴെ ബുക്കിംഗ് ലഭ്യമാക്കിയിരുന്നില്ല.

എന്നാൽ ജില്ലയിലെ പല സ്ഥലങ്ങളിലും വൃദ്ധരായ മാതാപിതാക്കൾക്കും അവശത അനുഭവിക്കുന്നവർക്കും വേണ്ടി 10 ൽ താഴെയുള്ള ഓർഡർകളും ജില്ല കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തു.

ജില്ലയിലെ 66 സിഡിഎസുകൾ വഴി 6,081 ഓണക്കിറ്റുകളാണ് തയാറാക്കിയത്. 38 ലക്ഷം രൂപയുടെ വിറ്റുവരവാണ് ഓണക്കിറ്റിലൂടെ സ്വന്തമാക്കിയത്.

## രാഹുൽ മാങ്കൂട്ടത്തിലിനെതിരെ നിയമനടപടിക്ക് താൽപര്യമില്ലെന്ന് ആരോപണം ഉന്നയിച്ച രണ്ട് പേർ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരെ നിയമനടപടിയുമായി പോകാൻ താൽപര്യമില്ലെന്ന് അറിയിച്ച് ആരോപണം ഉന്നയിച്ച രണ്ട് സ്ത്രീകൾ. രാഹുൽ മാങ്കൂട്ടത്തിൽ നിന്നും മോശം അനുഭവം ഉണ്ടായെന്ന് വെളിപ്പെടുത്തിയ കൊച്ചിയിലെ യുവ നടിയിൽ നിന്നും ക്രൈം ബ്രാഞ്ച് മൊഴിയെടുത്തു. മാധ്യമങ്ങളോട് തുറന്ന് പറഞ്ഞ കാര്യങ്ങൾ ക്രൈം ബ്രാഞ്ചിനോടും പറഞ്ഞുവെങ്കിലും നിയമനടപടിക്ക് താൽപര്യമില്ലെന്ന് മൊഴി നൽകി. ട്രാൻസ്ജെണ്ടർ യുവതി മൊഴി നൽകാൻ താൽപര്യമില്ലെന്ന് പോലീസിനെ അറിയിച്ചു. ഗർഭഛിദ്രവുമായി ബന്ധപ്പെട്ട് പുറത്തുവന്ന ശബ്ദരേഖ കേന്ദ്രീകരിച്ചും അന്വേഷണം നടന്നു.ഗർഭഛിദ്രം നടത്തിയ യുവതിയുമായി പോലീസ് സംസാരിച്ചു. നിയമനടപടിക്ക് ഇതേവരെ ഈ സ്ത്രീയും താൽപര്യം അറിയിച്ചിട്ടില്ല.

## മുണ്ടക്കൈ– ചൂരൽമല ദുരന്തബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളൽ; മൂന്നാഴ്ച കൂടി സമയം ചോദിച്ച് കേന്ദ്രസർക്കാർ

വയനാട്: മുണ്ടക്കൈ–ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്നതിൽ മൂന്ന് ആഴ്ച കൂടി സമയം ചോദിച്ച് കേന്ദ്രസർക്കാർ.

ഏത് മന്ത്രാലയമാണ് തീരുമാനമെടുക്കേണ്ടത് എന്നതിൽ ആശയക്കുഴപ്പമെന്നാണ് വിഷയത്തിൽ കേന്ദ്രത്തിന്റെ മറുപടി. എന്നാൽ കേരള ബാങ്ക് കടം എഴുതിത്തള്ളിയെന്ന കാര്യം ഹൈക്കോടതി വീണ്ടും ഓർമിപ്പിച്ചു. മൂന്നാഴ്ചയ്ക്ക് ശേഷം ഹർജി വീണ്ടും പരിഗണിക്കുമെന്ന് ഹൈക്കോടതി അറിയിച്ചു.

വായ്പ എഴുതിത്തള്ളലിൽ ഇന്നെങ്കിലും തീരുമാനം അറിയിക്കണം എന്നായിരുന്നു ഡിവിഷൻ ബെഞ്ച് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. എന്നാൽ അന്തിമ തീരുമാനമെടുക്കാൻ മൂന്നാഴ്ച കൂടിയെങ്കിലും സമയം വേണമെന്ന് കേന്ദ്രസർക്കാർ കോടതിയിൽ അറിയിക്കുകയായിരുന്നു.

## പാലക്കാട് യുവതി ഭർതൃവീട്ടിൽ മരിച്ച നിലയിൽ

പാലക്കാട്: പുതുപ്പരിയാരത്ത് യുവതിയെ ഭർതൃവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. മാട്ടുമന്ത ചോളോട് സ്വദേശി മീര (29) ആണ് മരിച്ചത്. ഭർത്താവുമായി പിണങ്ങി ചൊവ്വാഴ്ച യുവതി സ്വന്തം വീട്ടിലേക്ക് വന്നിരുന്നു.

രാത്രി11 ഓടെ ഭർത്താവ് അനൂപ് എത്തി ഭർതൃവീട്ടിലേക്ക് തിരികെ കൂട്ടിക്കൊണ്ടുപോയി. അനൂപ് വഴക്കുണ്ടാക്കുകയും മീരയെ മർദിക്കുകയും ചെയ്യുമായിരുന്നുവെന്ന് വീട്ടുകാർ പറഞ്ഞു. വഴക്കിനെത്തുടർന്നാണ് യുവതി സ്വന്തം വീട്ടിലേക്ക് വന്നത്. പോലീസിൽ പരാതി നൽകാമെന്ന് തീരുമാനിച്ചിരിക്കുമ്പോഴാണ് രാത്രി അനൂപ് എത്തി മീരയെ കൂട്ടിക്കൊണ്ടുപോയത്. രാവിലെ ഹേമാംബിക പോലീസ് വിളിച്ചാണ് യുവതി മരിച്ച കാര്യം അറിയിക്കുന്നതെന്നും ബന്ധുക്കൾ പറയുന്നു. എന്തു പ്രശ്നങ്ങളെയും ധൈര്യത്തോടെ നേരിട്ടിരുന്ന പെൺകുട്ടിയാണ് മീരയെന്നും അവർ ആത്മഹത്യ ചെയ്യില്ലെന്നും ബന്ധുക്കൾ പറയുന്നു. യുവതിയുടെ ആദ്യ വിവാഹത്തിൽ ഒരു കുട്ടിയുണ്ട്. ഭർത്താവ് അനൂപിനെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുമെന്ന് പോലീസ് അറിയിച്ചു.

# സൈനികന്റെ മരണം ലോക്കപ്പ് മർദനമാണെന്ന് പരാതി; ദൃശ്യങ്ങൾ ആവശ്യപ്പെട്ടു മാതാവ്

കൊല്ലം: സൈനികന്റെ മരണം ലോക്കപ്പ് മർദനത്തെ തുടർന്നാണെന്ന പരാതിയിൽ പോലീസ് സ്റ്റേഷനിലെ ദൃശ്യങ്ങൾ ആവശ്യപ്പെട്ടു മാതാവ് വിവരാകാശ നിയമ പ്രകാരം അപേക്ഷ നൽകി. മുളവന സാജൻ കോട്ടേജിൽ തോംസൺ തങ്കച്ചന്റെ(32) മരണത്തിലാണ് സ്റ്റേഷനിലെ ദൃശ്യങ്ങൾ കാണണമെന്ന ആവശ്യവുമായി മാതാവ് ഡെയ്സി മോൾ അപേക്ഷയുമായി രംഗത്ത് എത്തിയത്.

കഴിഞ്ഞ വർഷം ഡിസംബർ 27നാണ് തോംസൺ മരിച്ചത്. പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തിയ പോസ്റ്റ്മോർട്ടത്തിൽ തലയ്ക്ക് പുറകിലേറ്റ ക്ഷതവും ആന്തരികാവയവങ്ങളിലെ നീർകെട്ടുമാണ് മരണകാരണമെന്ന് കണ്ടെത്തി.മുളവന ഫാൻസി ഹാളിൽ വൈറ്റസിന്റെ മകൾ വിന്നിയെയാണ് തോംസൺ വിവാഹം ചെയ്തത്. പ്രേമ വിവാഹമായിരുന്നു. 2024 ഓഗസ്റ്റിൽ മകൻ ലീവിന് വന്നതു മുതൽ ഭാര്യ വീട്ടിലായിരുന്നു താമസം. ഈ സമയം ഭാര്യയുമായി വാക്കുതർക്കമുണ്ടായി. ഒക്ടോബർ 11ന് രാത്രി 11ന് ഭാര്യ വീട്ടുകാർ കൂട്ടായി മർദിച്ചു. അന്നേ ദിവസം രാത്രി 11.20ന് പേരയം പഞ്ചായത്ത് പ്രസിഡൻറിന്റെ സഹായത്തോടെ കുണ്ടറ പോലീസ് സ്റ്റേഷനിൽ മകനെതിരേ സ്ത്രീധന പീഡനത്തിന് പരാതി കൊടുത്തു അറസ്റ്റ് ചെയ്യിക്കുകയായിരുന്നെന്ന് ഡെയ്സി പറഞ്ഞു.

കസ്റ്റഡിയിൽ വച്ചു കൊടിയ ലോക്കപ്പ് മർദനത്തിന് വിധേയമാക്കുകയും ചെയ്തു. അടുത്ത ദിവസം പോലീസ് കോടതിയിൽ ഹാജരാക്കി. പോലീസിന്റെ വ്യാജ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിമാൻഡ് ചെയ്ത് കൊല്ലം സബ് ജയിലിലാക്കി. ഒരു സൈനികനെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട യാതൊരു നടപടിക്രമങ്ങളും സുപ്രീം കോടതിയുടെ നിർദേശങ്ങളും കുണ്ടറ പോലീസ് പാലിച്ചില്ലെന്നു മാതാവ് പറഞ്ഞു.

പോലീസുകാർ മർദിച്ച കാര്യത്തെപറ്റി കോടതിയിൽ എന്തെങ്കിലും പറഞ്ഞാൽ ജോലി ഇല്ലാതാക്കുമെന്നും കള്ള കേസുകളിൽ കുടുക്കുമെന്നും പറഞ്ഞു പോലിസുകാർ ഭീഷണിപ്പെടുത്തുകയും ചെയ്തു. തുടർന്നു ജാമ്യത്തിലിറങ്ങിയ ഇയാളെ പോലീസ് സഹായിയായ ഓട്ടോ ഡ്രൈവർ വീട്ടിൽ കൊണ്ടു വന്നു.അവശനിലയിലായിരുന്ന തോംസൺ തുടർന്നു കുണ്ടറ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. പോലീസിന്റെ പീഡനത്തെ തുടർന്നു നട്ടെല്ലിന്റെ കീഴ്ഭാഗത്തുണ്ടായ മുഴ സർജറി ചെയ്യാനായി ഡിസംബർ 13ന് കൊല്ലത്തെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. 20ന് ഡിസ്ചാർജായി വീട്ടിലെത്തി. 27ന് രാവിലെ കിടക്കയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.പോലിസിന്റെ കൊടിയ മർനമാണ് മകന്റെ മരണത്തിനു കാരണമായത്. മകന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും ഉയർന്ന പോലീസ് മേധാവികൾക്കും പരാതി നൽകിയെങ്കിലും കാര്യമായ തുടർ നടപടികൾ ഒന്നും ഉണ്ടായില്ലെന്ന് മാതാവ് പറഞ്ഞു.

## ഐഎസ് ബന്ധമുള്ള രണ്ട് പേർ പിടിയിൽ

ന്യൂഡൽഹി: രണ്ട് ഐഎസ് പ്രവർത്തകർ ഡൽഹിയിൽ പിടിയിലായി. ഡൽഹി പോലീസിന്റെ സ്പെഷ്യൽ സെൽ, ജാർഖണ്ഡ് തീവ്രവാദ വിരുദ്ധ സ്ക്വാഡ് (എടിഎസ്), റാഞ്ചി പോലീസ് എന്നിവർ സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇവരെ പിടികൂടിയത്. മുഖ്യപ്രതി ബൊക്കാറോ സ്വദേശിയായ അഷർ ഡാനിഷിനെ റാഞ്ചിയിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. ഡൽഹി പോലീസ് സ്പെഷ്യൽ സെൽ രജിസ്റ്റർ ചെയ്ത കേസിൽ ഇയാൾക്കായി തിരച്ചിൽ നടത്തി വരികയായിരുന്നു.

മറ്റൊരു പ്രതിയായ അഫ്താബിനെ ഡൽഹിയിൽ നിന്നാണ് പിടികൂടിയത്. ഐഎസ് അംഗങ്ങളുമായി ഇരുവരും ബന്ധപ്പെട്ടിരുന്നുവെന്നും ഇന്ത്യയിൽ ഭീകര പ്രവർത്തനങ്ങൾ നടത്താൻ ഇവർ തീരുമാനിച്ചിരുന്നതായി പ്രാഥമിക അന്വേഷണത്തിൽ സൂചന ലഭിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു. കുറേ മാസങ്ങളായി സുരക്ഷാ ഏജൻസികളുടെ നിരീക്ഷണത്തിലായിരുന്നു ഡാനിഷ്.

## കസ്റ്റഡി മർദനം; കുന്നംകുളം പോലീസ് സ്റ്റേഷന് മാവോയിസ്റ്റ് ഭീഷണി

തൃശൂർ: കസ്റ്റഡി മർദനം നടന്ന കുന്നംകുളം പോലീസ് സ്റ്റേഷന് മാവോയിസ്റ്റ് ഭീഷണി. മാവോയിസ്റ്റ് നേതാവ് എസ്. രാധാകൃഷ്ണന്റെ പേരിലുള്ള ഭീഷണിക്കത്താണ് സ്റ്റേഷൻ സിഐയ്ക്ക് ലഭിച്ചത്. പോലീസ് രാഷ്ട്രീയം മാറ്റിവച്ച് പ്രവർത്തിക്കണമെന്നും പോലിസിന്റെ മൂന്നാം മുറ പൂർണമായും അവസാനിപ്പിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.ഭീഷണിക്കത്ത് ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് കൈമാറി.



ലോട്ടറി ജിഎസ്ടി വർദ്ധനയാലുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ധനമന്ത്രി കെ എൻ ബാലഗോപാലിന്റെ നേതൃത്വത്തിൽ നടന്ന തൊഴിലാളി സംഘടനാ പ്രതിനിധികളുടെ യോഗം

# ലോട്ടറിയുടെ ജിഎസ്ടി വർധന: ധനകാര്യ മന്ത്രി ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി

ലോട്ടറിയുടെ ജിഎസ്ടി വർധനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി. വിൽപനക്കാരുടെയും ഏജന്റുമാരുടെയും സംഘടനകളുടെ പ്രതിനിധികൾ ലോട്ടറിയുടെ ജിഎസ്ടി വർധന മൂലം തൊഴിൽ മേഖലയിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ വിശദീകരിച്ചു. ലോട്ടറി ഡയറക്ടർ ഡോ. മിഥുൻ പ്രേംരാജും പങ്കെടുത്തു.

പുതിയ ജിഎസ്ടി നിരക്ക് പരിഷ്കരണ തീരുമാനത്തിൽ, കേരള സർക്കാർ നടത്തുന്ന പേപ്പർ ലോട്ടറിയെ ചൂതാട്ടത്തിനും കാസിനോകൾക്കും മറ്റുമായി നിശ്ചയിച്ചിട്ടുള്ള 40 ശതമാനം നികുതി പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിതരണക്കാരും ടിക്കറ്റ് വിൽപ്പനക്കാരുമായി രണ്ട് ലക്ഷം ആളുകളുടെയും കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗമാണ് കേരള ലോട്ടറി സംവിധാനം. വിപുലമായ ജനപിന്തുണയുമുണ്ട്. ജിഎസ്ടി വർദ്ധനവ് ടിക്കറ്റ് വിൽപ്പന കുറയ്ക്കുകയും ഈ ദുർബല വിഭാഗങ്ങളെ നേരിട്ട് ബാധിക്കുകയും ചെയ്യും. അതിനാൽ, സർക്കാർ നടത്തുന്ന പേപ്പർ ലോട്ടറിയെ ജിഎസ്ടി നിരക്ക് വർധനയിൽനിന്ന് ഒഴിവാക്കണമെന്ന് കേരളം കേന്ദ്ര സർക്കാരിനോടും ജിഎസ്ടി കൗൺസിലിലും ആവശ്യപ്പെട്ടിരുന്നു. അത് അംഗീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. തിടുക്കത്തിലുള്ള നികുതി മാറ്റം കേരള ലോട്ടറിയുടെ അച്ചടിയിലും വിതരണത്തിലുമടക്കം പ്രതിസന്ധി സൃഷ്ടിക്കുമെന്നും, അതിനാൽ തീരുമാനം നടപ്പാക്കുന്നതിൽ സാവകാശം അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. ഈ ആവശ്യവും പരിഗണിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് പ്രതിസന്ധി മറികടക്കാനുള്ള കാര്യങ്ങളിൽ അഭിപ്രായ രൂപീകരണത്തിന് ലോട്ടറിയിലൂടെ ഉപജീവനമാർഗം നടത്തുന്ന വിൽപനക്കാരുടെയും ഏജന്റുമാരുടെയും സംഘടനകളുമായി ധനകാര്യ മന്ത്രി ചർച്ച നടത്തിയത്.

# ഐഎസ്ഐയ്ക്ക് വേണ്ടി ഇന്ത്യൻ സിം കാർഡുകൾ കൈമാറി; നേപ്പാളി പൗരൻ ഡൽഹിയിൽ പിടിയിൽ

ന്യൂഡൽഹി: പാക്കിസ്ഥാൻ ചാരസംഘടനയായ ഐഎസ്എയ്ക്ക് ഇന്ത്യൻ സിം കാർഡുകൾ വിതരണം ചെയ്യുകയും രഹസ്യവിവരങ്ങൾ കൈമാറുകയും ചെയ്ത നേപ്പാളി പൗരൻ അറസ്റ്റിൽ.

നേപ്പാളിലെ ബിർഗഞ്ച് സ്വദേശിയായ പ്രഭാത് കുമാർ ചൗരസ്യ (43) എന്നയാളെ കിഴക്കൻ ഡൽഹിയിലെ ലക്ഷ്മി നഗർ പ്രദേശത്ത് നിന്ന് ഡൽഹി പോലീസ് ആണ് പിടികൂടിയത്.

യുഎസ് വീസയും മാധ്യമ സ്ഥാപനത്തിൽ ജോലിയും വാഗ്ദാനം ചെയ്താണ് ഇയാളെ ഐഎസ്ഐ വലയിലാക്കിയത്.

യുഎസ് വീസയ്ക്കും ജോലി അവസരത്തിനും പകരമായി, ഇന്ത്യൻ സിം കാർഡുകൾ നൽകാമെന്നും ഡിആർഡിഒ, ആർമി യൂണിറ്റുകൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാമെന്നും ഇയാൾ സമ്മതിക്കുകയായിരുന്നു.

ആധാർ കാർഡുകൾ ഉപയോഗിച്ച് സ്വകാര്യ ടെലികോം കമ്പനികളുടെ 16 സിം കാർഡുകൾ ചൗരസ്യ വാങ്ങിയിരുന്നു. തുടർന്ന് അവ നേപ്പാളിലേക്ക് അയച്ചു, അവിടെ നിന്ന് സിമ്മുകൾ ഐഎസ്ഐ പ്രവർത്തകർക്ക് കൈമാറിയെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (സ്പെഷ്യൽ സെൽ) അമിത് കൗശിക് പ്രസ്താവനയിൽ പറഞ്ഞു.

ഇവയിൽ 11 സിമ്മുകൾ ഉപയോഗിച്ച് ലാഹോർ, ബഹവൽപൂർ, പാക്കിസ്ഥാനിലെ മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വാട്ട്സ്ആപ്പ് സജീവമായി ഉപയോഗിക്കുന്നതായി കണ്ടെത്തിയെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യൻ സൈനികരെ ലക്ഷ്യമിട്ടും സോഷ്യൽ മീഡിയ വഴി ചാരവൃത്തി ചെയ്യുന്നതിനുമാണ് സിം കാർഡുകൾ ഉപയോഗിച്ചിരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പ്രഭാത് കുമാർ ചൗരസ്യ. നേപ്പാളിലും ബീഹാറിലും നിന്നായാണ് പഠനം നടത്തിയത്. ഇയാൾ ഇൻഫർമേഷൻ ടെക്നോളജിയിൽ ബിഎസ്സി ബിരുദവും കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗിൽ ഡിപ്ലോമയും നേടിയിട്ടുണ്ട്.മഹാരാഷ്ട്രയിലും ഡൽഹിയിലും ഫാർമസ്യൂട്ടിക്കൽ മേഖലയിൽ മെഡിക്കൽ റെപ്രസെൻറേറ്റീവായും ഏരിയ സെയിൽസ് മാനേജരായും ഇയാൾ ജോലി ചെയ്തിട്ടുണ്ട്.2017ൽ ഇയാൾ കാഠ്മണ്ഡുവിൽ ഒരു ലോജിസ്റ്റിക് കമ്പനി ആരംഭിച്ചിരുന്നു. എന്നാൽ ഇത് തകർന്നു. ഇതേതുടർന്ന് ഇയാൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു.

2024 ൽ കാഠ്മണ്ഡുവിൽ വച്ച് ഒരു നേപ്പാളി ഇടനിലക്കാരൻ വഴിയാണ് ഇയാൾ ഐഎസ്ഐ പ്രവർത്തകരുമായി ബന്ധപ്പെടുന്നത്. വിദേശത്ത് സ്ഥിരതാമസമാക്കാനുള്ള ആഗ്രഹത്താൽ ഇയാൾ സിം കാർഡുകൾ നൽകാമെന്നും പ്രതിരോധവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാമെന്ന് സമ്മതിക്കുകയുമായിരുന്നുവെന്നും ഡിസിപി കൗശിക് പറഞ്ഞു.

# അതിർത്തി കടന്നെത്തി റഷ്യൻ ഡ്രോണുകൾ; വെടിവച്ചിട്ട് പോളണ്ട്

വാഴ്സാ: അതിർത്തി കടന്നെത്തിയ റഷ്യൻ ഡ്രോണുകൾ വെടിവെച്ചിട്ട് പോളണ്ട്. റഷ്യൻ ഡ്രോണുകൾ തങ്ങളുടെ വ്യോമാതിർത്തി ലംഘിച്ചതായും ഇവയെല്ലാം വെടിവെച്ചിട്ടതായും പോളണ്ട് അറിയിച്ചു.റഷ്യൻ ഡ്രോൺ ആക്രമണത്തെ തുടർന്ന് പോളണ്ട് അതീവ ജാഗ്രതയിലാണ്. തലസ്ഥാനമായ വാഴ്സയിലെ രണ്ട് വിമാനത്താവളങ്ങൾ ഉൾപ്പെടെ നാല് വിമാനത്താവളങ്ങൾ അടച്ചിട്ടതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. റഷ്യൻ ഡ്രോണുകൾ അതിർത്തി കടന്നെത്തിയതിന് പിന്നാലെ പോളണ്ട് സൈനികവിമാനങ്ങൾ സജ്ജമാക്കിയതായി പോളിഷ് സായുധ സേന അറിയിച്ചു. കരയിലും ആകാശത്തും ഒരുപോലെ സൈനിക മുന്നൊരുക്കം ശക്തമാക്കി. റഡാർ സംവിധാനങ്ങളും സജ്ജമാണ്. സൈനിക നടപടി തുടരുകയാണെന്നാണ് പോളിഷ് സേന പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നത്. എല്ലാവരും വീടുകളിൽ തുടരണമെന്നും സൈന്യം അഭ്യർഥിച്ചു. അതിർത്തി കടന്നെത്തിയ ഡ്രോണുകൾ വെടിവെച്ചിട്ടതായും ഇതിന്റെ അവശിഷ്ടങ്ങൾ കണ്ടെത്താനായി തിരച്ചിൽ തുടരുകയാണെന്നും പോളിഷ് സായുധസേന അറിയിച്ചു. യുക്രൈനുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ പോളണ്ട് ശക്തമായ നിരീക്ഷണം തുടരുകയാണ്. ഡ്രോൺ ആക്രമണം നടന്നതായി പോളണ്ട് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്കും സ്ഥിരീകരിച്ചു. പോളണ്ടിന്റെ വ്യോമാതിർത്തി ലംഘിച്ചെത്തിയ ഡ്രോണുകൾ തകർത്തതായും ഓപ്പറേഷൻ തുടരുകയാണെന്നും പോളണ്ട് ഡെപ്യൂട്ടി പ്രതിരോധ മന്ത്രി സെസാറി ടോംസികും മാധ്യമങ്ങളോട് പറഞ്ഞു.പോലീസിന്റെയും സൈന്യത്തിന്റെയും അറിയിപ്പുകൾ പാലിക്കണമെന്നും അദ്ദേഹം ജനങ്ങളോട് അഭ്യർഥിച്ചു.

# ഇസ്രയേൽ ആക്രമണത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകി; അമേരിക്കയുടെ വാദം തള്ളി ഖത്തർ

ദോഹ: ഇസ്രയേൽ ആക്രമണത്തെ കുറിച്ച് മുന്നറിയിപ്പ് നൽകിയിരുന്നുവെന്ന അമേരിക്കയുടെ വാദം തള്ളി ഖത്തർ. അമേരിക്കയിൽ നിന്ന് മുൻകൂർ മുന്നറിയിപ്പ് ലഭിച്ചിട്ടില്ലെന്നും ആക്രമണം ആരംഭിച്ച് 10 മിനിറ്റിനുശേഷമാണ് വാഷിംഗ്ടണിൽ നിന്ന് കോൾ വന്നതെന്നും ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ വ്യക്തമാക്കി. ഭീരുത്വം നിറഞ്ഞ ഇടപെടൽ എന്നാണ് ആക്രമണത്തോട് ഖത്തർ പ്രതികരിച്ചത്. അതേസമയം, ഇസ്രയേൽ ആക്രമണത്തെ അപലപിച്ചും ഖത്തറിന് പിന്തുണ പ്രഖ്യാപിച്ചും സൗദി അറേബ്യ, യുഎഇ തുടങ്ങി രാഷ്ട്രങ്ങളും രംഗത്തെത്തി. ഇസ്രായേൽ അതിന്റെ ക്രിമിനൽ നടപടികൾ തുടരുന്നത് അന്താരാഷ്ട്ര നിയമ തത്വങ്ങളുടെ നഗ്നമായ ലംഘനമാണെന്നും ഇതിന് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് സൗദി അറേബ്യ മുന്നറിയിപ്പ് നൽകി.ഖത്തറിനെതിരായ ഇസ്രായേൽ ആക്രമണം നഗ്നവും ഭീരുത്വവുമായ പ്രവൃത്തിയാണെന്ന് യുഎഇ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ പ്രതികരിച്ചു.

പ്രശ്നങ്ങൾ നയതന്ത്ര ചർച്ചയിലൂടെ പരിഹരിക്കണം എന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം ആവശ്യപ്പെട്ടു. ആക്രമണത്തിൽ ആശങ്ക രേഖപ്പെടുത്തിക്കൊണ്ടായിരുന്നു ഇന്ത്യയുടെ പ്രതികരണം. ഖത്തറിൽ ആക്രമണം നടത്താനുള്ള തീരുമാനം ഇസ്രയേൽ സ്വന്തം നിലയിൽ കൈക്കൊണ്ടതാണെന്ന് അമേരിക്കൻ പ്രസിഡൻറ് ഡൊണൾഡ് ട്രംപ് പ്രതികരിച്ചു. ആക്രമണം നടത്താനുള്ള തീരുമാനം ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറേതാണ്, തൻറേതായിരുന്നില്ലെന്നും ട്രംപ് സമൂഹമാധ്യമം ആയ ട്രൂത്ത് സോഷ്യലിൽ കുറിച്ചു.

# 'സംസാരിക്കുന്നതിനായി ഞാനും പ്രതീക്ഷയോടെ കാത്തിരിക്കുന്നു'; ട്രംപിന് മറുപടിയുമായി മോദി

ന്യൂഡൽഹി: ഇന്ത്യയും യുഎസും തമ്മിലുള്ള വ്യാപാര രംഗത്തെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ തുടരുന്നുവെന്ന ഡോണൾഡ് ട്രംപിന്റെ പ്രസ്താവനയ്ക്ക് മറുപടിയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 'ഇന്ത്യയും യുഎസും അടുത്ത സുഹൃത്തുക്കളും സ്വാഭാവിക പങ്കാളികളുമാണ്. ഇന്ത്യ-യുഎസ് സഹകരണത്തിന്റെ അനന്തമായ സാധ്യതകൾ തുറക്കാൻ വ്യാപാര ചർച്ചകൾ വഴിയൊരുക്കുമെന്ന് ഉറപ്പുണ്ട്. ഈ ചർച്ചകൾ എത്രയും വേഗം പൂർത്തിയാക്കാൻ ഇരുരാജ്യങ്ങളുടെയും സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പ്രസിഡൻറ് ട്രംപുമായി സംസാരിക്കുന്നതിനായി ഞാനും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ഇരുരാജ്യത്തെയും ജനങ്ങളുടെ ശോഭനവും കൂടുതൽ മംഗളകരവുമായ ഭാവിക്കുവേണ്ടി നാം യോജിച്ചു പ്രവർത്തിക്കും. '- മോദി എക്സിൽ കുറിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര തടസങ്ങൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ ഇന്ത്യയും യുഎസും തുടരുന്നുണ്ടെന്ന് അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ടെന്ന് ട്രംപ് തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ കുറിച്ചു. 'എന്റെ വളരെ നല്ല സുഹൃത്തായ പ്രധാനമന്ത്രി മോദിയുമായി വരും ആഴ്ചകളിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഇരുരാജ്യങ്ങൾക്കും സ്വീകാര്യമായ അന്തിമ തീരുമാനത്തിലെത്താൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് എനിക്ക് ഉറപ്പുണ്ട്'- ട്രംപ് കുറിച്ചു.

# മൂന്നു മക്കളുമായി നാലു വർഷം പോലീസിനെ വെട്ടിച്ച ടോം ഫിലിപ്സ് വെടിയേറ്റു മരിച്ചു

വെല്ലിംഗ്ടൺ: നിയമവിരുദ്ധമായി മൂന്നു മക്കളെ കടത്തിക്കൊണ്ടുപോകുകയും നാലു വർഷത്തോളം അവരുമായി ഒളിവിൽ കഴിയുകയും ചെയ്ത ന്യൂസിലൻഡുകാരനായ പിതാവ് ടോം ഫിലിപിസ് പോലീസിന്റെ വെടിയേറ്റു മരിച്ചു.

ന്യൂസിലൻഡിന്റെ ചരിത്രത്തിലെ ഏറ്റവും ദുരൂഹമായ കേസുകളിലൊന്നിനു ഞായറാഴ്ച ദുരന്തപര്യവസാനം ഉണ്ടാവുകയായിരുന്നു. മരോകോപ എന്ന വിദൂര പട്ടണവാസിയായ ടോം ഫിലിപ്സ് 2021 അവസാനത്തിലാണ് മൂന്നു മക്കളുമായി അപ്രത്യക്ഷനായത്. മക്കളുടെയും അവകാശം കോടതി അമ്മയ്ക്കു നല്കിയതായിരുന്നു കാരണം.

ഇദ്ദേഹത്തെയും കുട്ടികളെയും കണ്ടെത്താൻ പോലീസ് ഊർജിത അന്വേഷണം നടത്തിയിരുന്നു.

ദുർഘട സാഹചര്യങ്ങളിൽ ജീവിച്ചു പരിചയമുള്ളയാളും വിദഗ്ധ വേട്ടക്കാരനുമായ ടോം ഫിലിപ്സ് കുട്ടികളുമായി കാടുകളിൽ ഒളിച്ചുകഴിഞ്ഞുവെന്നാണു വിലയിരുത്തൽ. ഇവരുടെ ദൃശ്യങ്ങൾ സെക്യൂരിറ്റി കാമറകളിൽ പലപ്പോഴും പതിഞ്ഞിരുന്നുവെങ്കിലും അന്വേഷണം എങ്ങുമെത്തിയില്ല.

ഞായറാഴ്ച പിയോപിയോ എന്ന ചെറുപട്ടണത്തിൽ ഒരു മോഷണക്കേസ് അന്വേഷിക്കാനെത്തിയ പോലീസ് അവിചാരിതമായി ടോം ഫിലിപ്സിനെ കണ്ടെത്തുകയായിരുന്നു. ഒരു കുട്ടിക്കൊപ്പം നാലുചക്ര മോട്ടോർസൈക്കിളിൽ പോവുകയായിരുന്ന ഇയാളെ പോലീസ് പിന്തുടർന്നു.

വാഹനം മറിഞ്ഞപ്പോൾ സമീപത്തെത്തിയ പോലീസുകാരനു നേർക്ക് ടോം വെടിയുതിർത്തു.

തലയ്ക്കു വെടിയേറ്റ പോലീസുകാരന്റെ നില ഗുരുതരമാണ്. പിന്നാലെയെത്തിയ പോലീസിന്റെ പ്രത്യാക്രമണത്തിൽ ടോം ഫിലിപ്സ് കൊല്ലപ്പെടുകയായിരുന്നു.

# ഡിപ്ലോമ സ്പോട്ട് അഡ്മിഷൻ

ഗവ. പോളിടെക്നിക് കോളജ് നെടുമങ്ങാടിലെ 2025-26 അധ്യയന വർഷത്തെ ത്രിവത്സര/ ലാറ്ററൽ എൻട്രി ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 12ന് സ്പോട്ട് അഡ്മിഷൻ നടക്കും. രാവിലെ 9 മുതൽ 11 വരെയാണ് രജിസ്ട്രേഷൻ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഇനിയും അപേക്ഷ സമർപ്പിക്കാത്തവർക്കും അന്നേ ദിവസം അപേക്ഷ സമർപ്പിച്ച് കൗൺസിലിങ്ങിൽ പങ്കെടുക്കാം. വിശദവിവരങ്ങൾക്ക്: www.polyadmission.org.

# നിയമസഭാ തിരഞ്ഞെടുപ്പ്; ടിവികെ നേതാവ് വിജയ്‌യുടെ സംസ്ഥാന പര്യടനം 13ന്

ചെന്നൈ: നിയമസഭാ തെരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കമായി ടിവികെ നേതാവ് വിജയ്‌യുടെ സംസ്ഥാന പര്യടനം 13ന് തിരുച്ചിറപ്പള്ളിയിൽ നിന്ന് തുടങ്ങും. 38 ജില്ലകളിലൂടെയും കടന്നുപോകുന്ന പര്യടനം ഡിസംബർ 20 വരെ തുടരും. തിരുച്ചിറപ്പള്ളിയിൽ ചത്തിരം ബസ് സ്റ്റാൻഡാണ് ഉദ്ഘാടനവേദിയായി ടിവികെ നിശ്ചയിച്ചിരിക്കുന്നതെങ്കിലും പോലീസ് അനുമതി നൽകിയിട്ടില്ല.

പ്രധാനമായും ശനിയാഴ്ചകളിലാണ് വിജയ് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യുക. തിരുച്ചിറപ്പള്ളിയിൽ നിന്ന് തുടങ്ങുന്ന പര്യടനത്തെത്തുടർന്ന് അന്നുതന്നെ പെരമ്പലൂർ, അരിയാലൂർ ജില്ലകളിലും പൊതുയോഗമുണ്ടാവും. 20ന് നാഗപട്ടണം, തിരുവാരൂർ, മയിലാടുതുറൈ ജില്ലകളിൽ സംസാരിക്കും.

സെപ്റ്റംബർ 27ന് വടക്കൻ ചെന്നൈയിലും ഒക്ടോബർ 25ന് തെക്കൻ ചെന്നൈയിലും പൊതുയോഗമുണ്ടാവും. ഡിസംബർ 20ന് മധുരയിലാണ് സമാപന സമ്മേളനം.വിജയ്‌യുടെ സംസ്ഥാന പര്യടനത്തിന് അനുമതിയും പോലീസ് സംരക്ഷണവുംതേടി പാർട്ടി ജനറൽ സെക്രട്ടറി എൻ. ആനന്ദ് ചൊവ്വാഴ്ച തമിഴ്നാട് ഡിജിപിക്ക് അപേക്ഷ നൽകി.

പൊതുസമ്മേളനങ്ങളിൽ വലിയ ജനക്കൂട്ടം ഉണ്ടാകാനിടയുള്ളതുകൊണ്ട് ഗതാഗതം നിയന്ത്രിച്ചും സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയും സഹകരിക്കണമെന്ന് അപേക്ഷയിൽ പറയുന്നു. യാത്രാ പരിപാടിയുടെ വിശദാംശങ്ങളും ഡിജിപിക്ക് സമർപ്പിച്ചിട്ടുണ്ട്.

# ഫിഫ ലോകകപ്പ് യോഗ്യതാ മത്സരം: അർജൻറീനയ്ക്ക് പരാജയം

ക്വിറ്റൊ: 2026 ലെ ഫിഫ ലോകകപ്പിനുള്ള യോഗ്യതാ മത്സരത്തിൽ അർജൻറീനയ്ക്ക് പരാജയം. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ ഇക്വഡോറാണ് അർജൻറീനയെ പരാജയപ്പെടുത്തിയത്.എതിരില്ലാത്ത ഒരു ഗോളിനാണ് ഇക്വഡോർ വിജയിച്ചത്. ഇന്നർ വലൻസിയ നേടിയ പെനാൽറ്റി ഗോളിലാണ് ഇക്വഡോർ വിജയം നേടിയത്.

സൂപ്പർ താരം ലയണൽ മെസി ഇല്ലാതെയാണ് ലോകചാന്പ്യൻമാർ കളത്തിലിറങ്ങിയത്. മത്സരത്തിൽ പരാജയപ്പെട്ടെങ്കിലും സൗത്ത് അമേരിക്കൻ ടീമുകളുടെ ലോകകപ്പ് യോഗ്യതാ മത്സരങ്ങളുടെ പോയിൻറ് പട്ടികയിൽ അർജൻറീന തന്നെയാണ് ഒന്നാം സ്ഥാനത്ത്.

38 പോയിൻറാണ് അർജൻറീനയ്ക്കുള്ളത്. 29 പോയിൻറുള്ള ഇക്വഡോറാണ് രണ്ടാം സ്ഥാനത്തുള്ളത്. കൊളംബിയ മൂന്നാമതും യുറുഗ്വായ് നാലാമതുമാണ്. മുൻ ലോകചാമ്പ്യൻമാരായ ബ്രസീൽ അഞ്ചാം സ്ഥാനത്താണുള്ളത്.

# വാർഡ് സംവരണം: തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് പരിശീലനം 26 ന്

പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ സംവരണം നിശ്ചയിക്കുന്നത് സംബന്ധിച്ച്, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും സെപ്തംബർ 26 ന് ഓൺലൈൻ പരിശീലനം നൽകുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ അറിയിച്ചു. ഗ്രാമ, ബ്ളോക്ക്, ജില്ലാപഞ്ചായത്തുകളിലെ വാർഡ് സംവരണത്തിനുള്ള നറുക്കെടുപ്പ് നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറാണ്. മുനിസിപ്പാലിറ്റികളിൽ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറും, കോർപ്പറേഷനുകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടറുമാണ് വാർഡ് സംവരണം നിശ്ചയിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ.

# കൈക്കൂലി വാങ്ങുന്നതിനിടെ പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ

ന്യൂഡൽഹി: കൈക്കൂലി വാങ്ങുന്നതിനിടെ പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ. ഡൽഹി പോലീസിലെ അസിസ്റ്റൻറ് സബ് ഇൻസ്പെക്ടറെയാണ് 15,000 രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് പിടികൂടിയത്.

ഹൗസ് ഖാസി പോലീസ് സ്റ്റേഷനിലെ എഎസ്ഐ രാകേഷ് കുമാർ ആണ് അറസ്റ്റിലായത്. പരിശോധനയ്ക്കിടെ ഇയാൾ നോട്ടുകൾ എറിഞ്ഞു കളയാൻ ശ്രമിച്ചിരുന്നു. ചൊവ്വാഴ്ചയാണ് പോലീസുകാരൻ കൈക്കൂലി ആവശ്യപ്പെടുന്നുവെന്ന് ആരോപിച്ച് പരാതിക്കാരൻ ബാരഖംബ റോഡിലെ വിജിലൻസ് ബ്രാഞ്ചിനെ സമീപിച്ചത്. കള്ളക്കേസിൽ കുടുക്കുന്നത് ഒഴിവാക്കാൻ പണം ആവശ്യപ്പെട്ടന്നായിരുന്നു പരാതി.

ഉദ്യോഗസ്ഥൻ കൈക്കൂലി തുക കൈമാറാൻ ഉച്ചയ്ക്ക് 12.30 ഓടെ തന്നെ ഹൗസ് ഖാസി പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചതായി പരാതിക്കാരൻ വിജിലൻസ് ഉദ്യോഗസ്ഥരെ അറിയിച്ചു. തുടർന്ന് പരാതിക്കാരനോട് പണവുമായി ചെല്ലാൻ ആവശ്യപ്പെട്ട വിജിലൻസ് സംഘം ഉദ്യോഗസ്ഥനെ പിടികൂടുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കണ്ണാവുകേസിൽ ജാമ്യത്തിൽ ഇറങ്ങി എംഡിഎംഎയുമായി പിടിയിൽ; യുവതിയെ കരുതൽ തടങ്കലിലാക്കി

കണ്ണൂർ: കഞ്ചാവുകേസിൽ ജാമ്യത്തിൽ കഴിയവേ എംഡിഎംഎയുമായി പിടിയിലായ പയ്യന്നൂരിലെ യുവതി ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ ഉത്തരവുപ്രകാരം കരുതൽ തടങ്കലിലായി.

ബുള്ളറ്റ് ലേഡിയെന്ന പേരിലറിയപ്പെടുന്ന പയ്യന്നൂർ മുല്ലക്കോട് അണക്കെട്ടിനുസമീപം താമസിക്കുന്ന മുല്ലക്കോട് ഹൗസിൽ സി. നിഖില (31)യാണ് കരുതൽ തടങ്കലിലായത്. ബുള്ളറ്റിൽ സഞ്ചരിച്ച് മയക്കുമരുന്ന് വില്പന നടത്തുന്ന ഇവർ ബുള്ളറ്റ് റാണിയെന്നും അറിയപ്പെടുന്നു. 2023 ഡിസംബർ ഒന്നിന് വിൽപ്പനയ്ക്കായി കൊണ്ടുവന്ന് വീട്ടിൽ സൂക്ഷിച്ച 1.6 കിലോ കഞ്ചാവുമായി എക്സൈസ് സംഘം നിഖിലയെ അറസ്റ്റ് ചെയ്തിരുന്നു. തളിപ്പറമ്പ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ. കെ. ഷിജിൽ കുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് വീട്ടിനകത്ത് സൂക്ഷിച്ചിരുന്ന കഞ്ചാവ് കണ്ടെത്തിയത്.

ഈ കേസിൽ ജാമ്യത്തിൽ കഴിയവേ കഴിഞ്ഞ ഫെബ്രുവരി 22-ന് ജാമ്യവ്യവസ്ഥകൾ ലംഘിച്ച് നിഖില 4.006 ഗ്രാം മെത്താഫിറ്റമിനുമായി വീണ്ടും അറസ്റ്റിലായി. പയ്യന്നൂർ റേഞ്ച് എക്സൈസ് ഇൻസ്പെക്ടർ കെ. ദിനേശന്റെ നേതൃത്വത്തിലുള്ള സംഘമാണ് യുവതിയെ വീട്ടിൽ നടത്തിയ പരിശോധനയിൽ മയക്കുമരുന്നുമായി വീണ്ടും പിടികൂടിയത്. ഇങ്ങനെ തുടർച്ചയായി രണ്ട് കേസുകളിൽ പ്രതിയായതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള നിയമമനുസരിച്ച് നിഖിലയെ കരുതൽ തടങ്കലിൽ വെക്കാൻ കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ ആഭ്യന്തരവകുപ്പ് സെക്രട്ടറിയോട് ശിപാർശചെയ്തത്.

ശിപാർശപ്രകാരം കഴിഞ്ഞമാസം 29ന് കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് ആഭ്യന്തരവകുപ്പ് സെക്രട്ടറി ഉത്തരവിട്ടിരുന്നു. എന്നാൽ പയ്യന്നൂരിലെ വീട്ടിൽ നിഖിലയെ കണ്ടെത്താനായില്ല. അന്വേഷണത്തിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് തീവ്രവാദവിരുദ്ധ സ്ക്വാഡ്, കണ്ണൂർ തീവ്രവാദവിരുദ്ധ സ്ക്വാഡ്, എക്സൈസ് സൈബർ സെൽ, സെൻട്രൽ ക്രൈംബ്രാഞ്ച് നാർക്കോട്ടിക് വിംഗ് ബംഗളൂരു, ബംഗളൂരു മടിവാള പോലീസ് എന്നിവരുടെ സഹായത്തോടെയാണ് ബംഗളൂരു വൃന്ദാവൻ നഗറിൽ ഒളിച്ചുതാമസിച്ച നിഖിലയെ കണ്ടെത്തിയത്.

ഇതേത്തുടർന്ന് തളിപ്പറമ്പ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ്. സതീഷ്, പ്രിവൻറീവ് ഓഫീസർ വി. കെ. വിനോദ്, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായ ജസ്മ പി. ക്ലമൻറ്, ശ്രേയ മുരളി എന്നിവരുൾപ്പെട്ട സംഘം അറസ്റ്റ് ചെയ്തത്.

# കുന്നംകുളം കസ്റ്റഡി മർദനം: പോലീസ് ഡ്രൈവർ സുഹൈറിനെ അഞ്ചാം പ്രതിയാക്കണം; സ്വകാര്യ അന്യായവുമായി സുജിത്ത്

തൃശൂർ: പോലീസ് സ്റ്റേഷനിൽ ക്രൂരമായി മർദിച്ച കേസിൽ പോലീസ് ഡ്രൈവറായിരുന്ന സുഹൈറിനെ കൂടി പ്രതിചേർക്കണമെന്ന് ആവശ്യപ്പെട്ട് മർദനത്തിനിരയായ യൂത്ത് കോൺഗ്രസ് ചൊവ്വന്നൂർ മണ്ഡലം പ്രസിഡൻറ് വി. എസ്. സുജിത്ത് സ്വകാര്യ അന്യായം നൽകി. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് സ്വകാര്യ അന്യായം ഫയൽ ചെയ്തത്. സിസിടിവി ദൃശ്യങ്ങളിൽ സുഹൈർ ഇല്ലാത്തതിനാൽ ഇയാളെ കോടതി കേസിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ, സുജിത്ത് തന്നെ പോലീസ് ഡ്രൈവർ സുഹൈർ ആക്രമിച്ചതായി മൊഴി നൽകിയിരുന്നു. സുജിത്തിന്റെ കാലിൽ മുപ്പതോളം അടികൾ അടിച്ചത് സുഹൈറാണെന്നും സംഭവത്തിൽ അഞ്ചാം പ്രതിയായി സുഹൈറിനെ ഉൾപ്പെടുത്തണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. നിലവിലെ ദൃശ്യങ്ങൾ പരിശോധിക്കുന്നതിന് കോടതി കേസ് 11ലേക്ക് മാറ്റി.കൂടാതെ, പോലീസ് മർദനത്തിൽ സുജിത്തിന്റെ കർണപടം പൊട്ടിയ സാഹചര്യത്തിൽ 10 കൊല്ലം വരെ ശിക്ഷ ലഭിക്കാവുന്ന വകുപ്പുകൾ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് വെള്ളിയാഴ്ച കോടതിയിൽ മറ്റൊരു കേസ് കൂടി ഫയൽ ചെയ്യുമെന്ന് സുജിത്ത് വ്യക്തമാക്കി. പോലീസ് ഡ്രൈവറായിരുന്ന സുഹൈർ തദ്ദേശ വകുപ്പിലാണ് ജോലി ചെയ്യുന്നത്

# കേരള മീഡിയ അക്കാദമിയുടെ രാജ്യാന്തര മാധ്യമോത്സവം തിരുവനന്തപുരത്ത്

കേരള മീഡിയ അക്കാദമിയുടെ രാജ്യാന്തര മാധ്യമോത്സവം സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2വരെ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന ഇൻറർനാഷണൽ മീഡിയ ഫെസ്റ്റിവൽ ഓഫ് കേരളയുടെ വിജയത്തിനായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. കേസരി സ്മാരക ഹാളിൽ നടന്ന സമ്മേളനത്തിൽ ഫെസ്റ്റിവൽ ലോഗോ മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവായ പ്രഭാവർമ്മ പ്രകാശിപ്പിച്ചു. കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാ പ്രസിഡന്റ് ഷില്ലർ സ്റ്റീഫൻ ഏറ്റുവാങ്ങി.

സാമ്രാജ്യത്വരാജ്യങ്ങളിൽ നിന്ന് മൂന്നാംലോക രാഷ്ട്രങ്ങളിലേക്ക് വാർത്തകളുടെ കുത്തൊഴുക്കാണ്. എന്നാൽ മൂന്നാം ലോകരാഷ്ട്രങ്ങളിലെ വാർത്തകൾക്ക് വേണ്ടത്ര പ്രചാരണം ലഭിക്കുന്നില്ലെന്ന് പ്രഭാവർമ്മ പറഞ്ഞു. ലോകവാർത്ത എല്ലാ രാജ്യങ്ങളിലേക്കും തുല്യപ്രാധാന്യത്തോടെ എത്തുന്നതിനുള്ള ഒരു നവ അന്താരാഷ്ട്ര മാധ്യമക്രമം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ആഗോളതലത്തിൽ നടക്കുന്നുണ്ട്. കേരളത്തിൽ അതിനായി വിശ്രമരഹിതമായി പ്രവർത്തിക്കുന്ന കേരള മീഡിയ അക്കാദമി ഏറ്റവും സക്രിയമായ കാലത്തിലൂടെ കടന്നുപോകുകയാണെന്നും പ്രഭാവർമ്മ പറഞ്ഞു. മാധ്യമോത്സവത്തിന് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ എല്ലാ സഹകരണവും ഉണ്ടാവുമെന്ന് ഡയറക്ടർ ടി വി സുഭാഷ് ഐഎഎസ് അറിയിച്ചു.

മുഖ്യമന്ത്രി മുഖ്യരക്ഷാധികാരിയായി 501 അംഗ സംഘാടക സമിതിയെ തെരഞ്ഞെടുത്തു. കെയുഡബ്ല്യുജെ ജില്ലാ സെക്രട്ടറി അനുപമ. ജി.നായർ യോഗത്തിൽ അധ്യക്ഷയായി. കേരള മീഡിയ അക്കാദമി സെക്രട്ടറി അരുൺ. എസ്.എസ് സ്വാഗതം ആശംസിച്ചു. അക്കാദമി ചെയർമാൻ ആർ.എസ്. ബാബു മാധ്യമോത്സവത്തെപ്പറ്റി ലഘുവിവരണം നൽകി. ഐ ആൻഡ് പിആർഡി അഡീഷണൽ ഡയറക്ടർ കെ.ജി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ കെ. സുരേഷ് കുമാർ, കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ സി.എൽ.തോമസ്, ദേശാഭിമാനി ന്യൂസ് എഡിറ്റർ സുരേഷ് വെള്ളിമംഗലം, അക്കാദമി മീഡിയ ക്ലബ്ബ് കോർഡിനേറ്റർ സ്നമ്യ മാഹിൻ, റേഡിയോ കേരള പ്രോഗ്രാം ഹെഡ് പി എം ലാൽ, ഹേമലത, വിനീത എന്നിവർ യോഗത്തിൽ സംസാരിച്ചു.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും കേരള പത്രപ്രവർത്തക യൂണിയന്റെയും സഹകരണത്തോടെയാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. മൂന്നു ദിവസങ്ങളിലായി നടക്കുന്ന മാധ്യമോത്സവത്തിൽ വിപുലമായ പരിപാടികളാണ് ഉദ്ദേശിക്കുന്നതെന്ന് മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അറിയിച്ചു. അന്തർദ്ദേശീയ പ്രശസ്തയായ ആഫ്രിക്കയിൽ നിന്നുള്ള മാധ്യമപ്രവർത്തക മറിയം ഔഡ്രഗോ, പ്രമുഖ മാധ്യമ സാരഥികളായ കരൺ ഥാപ്പർ, രവീഷ് കുമാർ എന്നിവർ അക്കാദമി നേരത്തേ പ്രഖ്യാപിച്ച മീഡിയ പേഴ്സൺ ഓഫ് ദി ഇയർ ബഹുമതി ഏറ്റുവാങ്ങുന്നതിന് എത്തും.കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി മുഖ്യമന്ത്രിയുടെ ട്രോഫിക്ക് വേണ്ടിയുള്ള, ഗ്രാൻഡ് മാസ്റ്റർ ജി.എസ്.പ്രദീപ് നയിക്കുന്ന ക്വിസ് പ്രസ്സും ഇതിനോടൊപ്പം നടക്കും. കേരള മീഡിയ അക്കാദമിയുടെ പൂർവ്വവിദ്യാർത്ഥി സംഗമം, തിരഞ്ഞെടുക്കപ്പെട്ട യുട്യൂബേഴ്സിന്റെയും വ്ളോഗർമാരുടെയും സംഗമം, ഗാസയിലെ മാധ്യമ രക്തസാക്ഷികൾക്ക് ആദരവേകുന്ന ഫോട്ടോഎക്സിബിഷൻ, ഡിജിറ്റൽ എക്സിബിഷൻ തുടങ്ങിയവ ഉണ്ടാകും. ടാഗോർ തിയേറ്റർ മാനവീയം വീഥി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ എന്നിവിടങ്ങളിലാണ് വേദി.

# ശബരിമലയിലെ സ്വർണപാളി ഇളക്കിമാറ്റിയ സംഭവം; വിശദീകരണം തേടി ഹൈക്കോടതി

കൊച്ചി: മുൻകൂർ അനുമതി ഇല്ലാതെ ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളിലെ സ്വർണപാളി ഇളക്കി മാറ്റിയത് അനുചിതമെന്ന് ഹൈക്കോടതി. സ്പെഷ്യൽ കമ്മീഷണറുടെ മുൻകൂർ അനുമതി വേണമെന്ന് ഉത്തരവുകൾ നിലനിൽക്കുന്നുണ്ടെന്നും ഹൈക്കോടതിയുടെ ഉത്തരവ് അനിവാര്യമായിരുന്നുവെന്നും ദേവസ്വം ബെഞ്ച് ചൂണ്ടിക്കാട്ടി. കോടതിയിൽ നിന്ന് അനുമതി തേടാൻ ആവശ്യത്തിന് സമയമുണ്ടായിരുന്നല്ലോ എന്നും കോടതി ചോദിച്ചു. വിഷയത്തിൽ വെള്ളിയാഴ്ച റിപ്പോർട്ട് നൽകാൻ ദേവസ്വം ബോർഡിന് ഹൈക്കോടതി നിർദേശം നൽകി.

ദ്വാരപാലക ശില്പങ്ങളിലെ സ്വർണം പൂശിയ പാളികൾ നന്നാക്കാൻ കൊണ്ടുപോയതുമായി ബന്ധപ്പെട്ട ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്. കോടതി അനുമതിയില്ലാതെ ഇളക്കിയെന്നാണ് സ്പെഷ്യൽ കമ്മീഷണറുടെ റിപ്പോർട്ട്. കോടതിയുടെ അനുമതിയോടെ മാത്രമേ സന്നിധാനത്ത് സ്വർണപ്പണികൾ നടത്താൻ പാടുള്ളുവെന്ന ഹൈക്കോടതി നിർദേശം പാലിക്കാത്തത് ഗുരുതര വീഴ്ചയാണെന്ന് വ്യക്തമാക്കി കമ്മീഷണർ ഹൈക്കോടതിക്ക് റിപ്പോർട്ടും നൽകിയിട്ടുണ്ട്.

# പാലിയേക്കര ടോൾ പിരിവ്; ജില്ലാ കളക്ടറുടെ റിപ്പോർട്ട് വന്നിട്ട് ആലോചിക്കാമെന്ന് ഹൈക്കോടതി

കൊച്ചി: പാലിയേക്കരയിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയ ശേഷം ടോൾ പിരിവിനെ കുറിച്ച് ആലോചിക്കാമെന്ന് ഹൈക്കോടതി. ദേശീയ പാത അതോറിറ്റിക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ കോടതിയെ അറിയിച്ചു. സർവീസ് റോഡുകളുടെ അറ്റകുറ്റപ്പണി വേഗത്തിൽ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ചെറിയ പ്രശ്നങ്ങളാണ് നിലവിലുള്ളതെന്ന് ദേശീയ പാത അതോറിറ്റി വ്യക്തമാക്കി. അതെല്ലാം പരിഹരിക്കാൻ ശ്രമിക്കുന്നുവെന്നും അറിയിച്ചു.അതേസമയം, എല്ലാം പരിഹരിച്ചെന്ന റിപ്പോർട്ട് കിട്ടിയശേഷം ടോൾപിരിവടക്കം തീരുമാനിക്കാമെന്ന് കോടതി പറഞ്ഞു. ഇടക്കാല ഗതാഗത മാനേജ്മെൻറ് കമ്മറ്റിയുടെ റിപ്പോർട്ട് കിട്ടട്ടെ. ദേശീയ പാതക്കരികിലെ കൽവേർട്ടുകളുടെ നിർമാണം പാതി വഴിയിലെന്ന് കളക്ടർ പറഞ്ഞു. കൽവേർട്ടുകൾ ഒരിക്കലും ഗതാഗത കുരുക്കിന് കാരണമാകുന്നില്ല എന്ന് എൻഎച്ച്എഐ മറുപടി നൽകി. നിർമാണ പ്രവർത്തികൾ പൂർത്തിയാക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണം വേണമെന്നും എൻഎച്ച്എഐ പറഞ്ഞു. ഇടപ്പള്ളി-മണ്ണുത്തി ദേശീയ പാതയുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി അടുത്ത തിങ്കളാഴ്ചയിലേക്ക് മാറ്റി.

# പ്രണയം തുടരാൻ ആഗ്രഹമെന്ന് പെൺകുട്ടി; 18 വയസുകാരനെതിരായ പോക്സോ കേസ് ഹൈക്കോടതി റദ്ദാക്കി

കൊച്ചി: സഹപാഠിയുമായുള്ള പ്രണയം തുടരാനാണ് ആഗ്രഹമെന്ന് പെൺകുട്ടി അറിയിച്ച സാഹചര്യത്തിൽ 18 വയസുകാരന്റെ പേരിൽ രജിസ്റ്റർ ചെയ്ത പോക്സോ കേസ് ഹൈക്കോടതി റദ്ദാക്കി.ഹർജിക്കാരനുമായുള്ള പ്രണയം തുടരാനാണ് ആഗ്രഹം എന്ന് വ്യക്തമാക്കി പെൺകുട്ടിതന്നെ സത്യവാംഗ്മൂലം ഫയൽ ചെയ്ത സാഹചര്യത്തിൽ കേസ് തുടരുന്നത് യുവാവിന്റെ ഭാവി തകർക്കും. കേസില്ലാതായാൽ ഹർജിക്കാരനും പെൺകുട്ടിയും ഒന്നിച്ച് സമാധാനത്തോടെ ജീവിക്കാനുള്ള സാധ്യത ഏറെയാണെന്നും കേസ് റദ്ദാക്കിയ ഉത്തരവിൽ ജസ്റ്റീസ് ജി. ഗിരീഷ് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം പോക്സോ കോടതിയുടെ പരിഗണനയിലുള്ള കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് 18 വയസുകാരൻ ഹൈക്കോടതിയെ സമീപിച്ചത്. സ്കൂളിൽ സഹപാഠിയായ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു എന്നതായിരുന്നു ആൺകുട്ടിക്കെതിരായ കേസ്. 2023-ലാണ് കേസ് രജിസ്റ്റർ ചെയ്തത്. 18 വയസുകാരനും പെൺകുട്ടിയും പ്രണയത്തിലായിരുന്നു. ഈ സമയത്ത് പെൺകുട്ടിക്ക് 17 വയസായിരുന്നു. 18 വയസാകാൻ ആറ് മാസം കൂടിയുണ്ടായിരുന്നു. 18 വയസായാൽ മാത്രമേ ഉഭയസമ്മത പ്രകാരമുള്ള ബന്ധമായി കണക്കാക്കാനാകുമായിരുന്നുള്ളു. കൗമാരചാപല്യമാണ് ക്രിമിനൽ കേസായി പരിഗണിച്ചതെന്ന് കോടതി വിലയിരുത്തി.

# കർഷകർക്ക് ആനുകൂല്യം ലഭിച്ചില്ല, അടിസ്ഥാന ജനവിഭാഗങ്ങൾക്ക് അവഗണന; സർക്കാർ നയങ്ങളിൽ വിമർശനവുമായി സിപിഐ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ നയങ്ങളിൽ വിമർശനവുമായി സിപിഐ. ആലപ്പുഴയിൽ നടക്കുന്ന സിപിഐ സംസ്ഥാന സമ്മേളനത്തിലാണ് സർക്കാരിനെതിരെ കടുത്ത വിമർശനം ഉയർന്നിരിക്കുന്നത്.

മദ്യനയത്തിൽ നിലവിലെ നിലപാട് തെറ്റാണെന്നും സർക്കാർ പ്രോത്സാഹിപ്പിക്കുന്നത് വിദേശ മദ്യമാണ്, കള്ള് ചെത്ത് വ്യവസായം പ്രതിസന്ധിയിലെന്നുമുൾപ്പെടെയുള്ള കാര്യങ്ങളാണ് സിപിഐ പ്രവർത്തന റിപ്പോർട്ടിൽ പറയുന്നത്.മുൻഗണന ക്രമം നിശ്ചയിച്ചതിലും പാളിച്ചയുണ്ടെന്നാണ് സിപിഐ നിലപാട്. അടിസ്ഥാന ജനവിഭാഗങ്ങൾക്ക് അവഗണനയാണ്. കർഷകർക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല എന്നും അന്ധവിശ്വാസം നിയന്ത്രിക്കാൻ നിയമ നിർമ്മാണം വൈകരുത് എന്നും പ്രവർത്തന റിപ്പോർട്ടിൽ പറയുന്നു.

മാത്രമല്ല തൃശൂരിൽ ബിജെപി വിജയിച്ചത് അതീവ ഗൗരവ തരമായ കാര്യമാണെന്നും പ്രവർത്തന റിപ്പോർട്ടിൽ പറയുന്നു. പാർലമെൻറ് മണ്ഡലങ്ങളിൽ ബിജെപി ഗണ്യമായി വോട്ടുയർത്തിയതിനാൽ തന്നെ തദ്ദേശ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ജാഗ്രത വേണമെന്നും റിപ്പോർട്ടിൽ പറയുന്നു.

# അധ്യാപക അവാർഡ് തുക വർദ്ധിപ്പിക്കും: മന്ത്രി വി. ശിവൻകുട്ടി

സംസ്ഥാന അധ്യാപക അവാർഡിന്റെയും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക പുരസ്കാരത്തിന്റെയും തുക വർദ്ധിപ്പിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിച്ചു.

തിരുവനന്തപുരം ടാഗോർ ഹാളിൽ നടന്ന പരിപാടിയിൽ സംസ്ഥാന അധ്യാപക അവാർഡ് വിതരണം,പ്രൊഫ ജോസഫ് മുണ്ടശ്ശേരി സ്മാര പുരസ്കാര വിതരണം,വിദ്യാരംഗം അധ്യാപക കലാ സാഹിത്യ പുരസ്കാര വിതരണം എന്നിവ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.അധ്യാപക അവാർഡ് തുക 10,000 രൂപയിൽ നിന്ന് 20,000 രൂപയായും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക പുരസ്കാര തുക 10,000 രൂപയിൽ നിന്ന് 25,000 രൂപയായും ഉയർത്തും. ഒരു സ്കൂളിന്റെ വളർച്ചയുടെയും തളർച്ചയുടെയും ഉത്തരവാദിത്തം അധ്യാപകർക്കാണ്. ഓരോ വിദ്യാർത്ഥിയുടെയും ഭാവിയുടെ കാര്യത്തിൽ അധ്യാപകർ രക്ഷിതാക്കളെപ്പോലെ ഉത്തരവാദിത്തം കാണിക്കണം.

പുതിയ പദ്ധതികൾ പരിഗണനയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ട്. ഏറ്റവും കൂടുതൽ കുട്ടികളെ പ്രീ-പ്രൈമറി, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് പങ്കെടുപ്പിക്കുന്ന സ്കൂളുകൾക്ക് മുഖ്യമന്ത്രിയുടെ പേരിൽ ഒരു എവറോളിംഗ് ട്രോഫി നൽകുന്ന കാര്യം ആലോചിക്കുന്നുണ്ട്. ഈ ട്രോഫി നേടുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണനയും ലഭിക്കും.

അധ്യാപകരുടെ തൊഴിൽപരമായ കാര്യക്ഷമത വിലയിരുത്തുന്നതിനായി എല്ലാ അധ്യാപകർക്കും കോൺഫിഡൻഷ്യൽ റിപ്പോർട്ട് (സി.ആർ.) ഏർപ്പെടുത്തുന്നത് പരിഗണനയിലാണ്. നിലവിൽ പ്രധാനാധ്യാപകർക്ക് മാത്രമാണ് സി.ആർ. ബാധകമായിട്ടുള്ളത്. അധ്യാപക സംഘടനകളുമായി ചർച്ച ചെയ്തശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകണമെന്നും, നിരന്തര മൂല്യനിർണയത്തിലും പരീക്ഷാ മൂല്യനിർണയത്തിലും കൂടുതൽ ശ്രദ്ധ പുലർത്തണമെന്നും മന്ത്രി അധ്യാപകരോട് ആവശ്യപ്പെട്ടു. ജേതാക്കൾക്ക് പുരസ്കാരങ്ങൾ മന്ത്രി സമ്മാനിച്ചു. കുട്ടികളുടെ സാഹിത്യോൽസവുമായ അക്ഷരക്കൂട്ടിന്റെ ലോഗോ പ്രകാശനം മന്ത്രി നിർവഹിച്ചു. ആന്റണി രാജു എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി സ്വാഗതമാശംസിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എൻ.എസ്.കെ. ഉമേഷ്, എസ് ഐ ഇ ടി ഡയറക്ടർ ബി അബുരാജ് എന്നിവർ സംബന്ധിച്ചു.

ചടങ്ങിൽ വിവിധ ഉദ്യോഗസ്ഥരും അധ്യാപക സംഘടനാ പ്രതിനിധികളും വിദ്യാർഥികളും പങ്കെടുത്തു.

# 'ലൈംഗീക തൊഴിലാളി ഉത്പന്നമല്ല; അനാശാസ്യകേന്ദ്രത്തിൽ പോകുന്നവർക്കെതിരെ വ്യഭിചാര പ്രേരണയ്ക്ക് കേസെടുക്കാം': ഹൈക്കോടതി

കൊച്ചി: അനാശാസ്യ കേന്ദ്രത്തിലെത്തി ലൈംഗീക തൊഴിലാളിയുടെ സേവനം തേടുന്നയാൾക്കെതിരെ വ്യഭിചാര പ്രേരണാകുറ്റം നിലനിൽക്കുമെന്ന് കേരള ഹൈക്കോടതി.

തിരുവനന്തപുരം പേരൂർക്കട പോലീസ് 2021ൽ അനാശാസ്യപ്രവർത്തന നിരോധന നിയമപ്രകാരമെടുത്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് മൂന്നാം പ്രതി നൽകിയ ഹർജി ഭാഗികമായി അനുവദിച്ച ഉത്തരവിലാണ് ജസ്റ്റീസ് വി. ജി. അരുൺ ഇക്കാര്യം വ്യക്തമാക്കിയത്. അനാശാസ്യ കേന്ദ്രത്തിലെത്തി ലൈംഗീക തൊഴിലാളിയുടെ സേവനം തേടുന്നയാളെ ഉപഭോക്താവായി കാണാനാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. ഉപഭോക്താവായി കാണണമെങ്കിൽ എന്തെങ്കിലും സാധനമോ സേവനമോ വാങ്ങണം. ലൈംഗീക തൊഴിലാളി ഒരു ഉത്പന്നമല്ല. പലപ്പോഴും അവർ മനുഷ്യക്കടത്തിന്റെ ഇരകളും മറ്റുള്ളവരുടെ ശാരീരികസുഖത്തിനായി സ്വന്തംശരീരം നൽകാൻ നിർബന്ധിതരാകുന്നവരുമാണെന്നും കോടതി നിരീക്ഷിച്ചു.

'മനുഷ്യക്കടത്തിലൂടെ അവരെ (ലൈംഗികത്തൊഴിലാളികളെ) ഈ വ്യാപാരത്തിലേക്ക് ആകർഷിക്കുകയും മറ്റുള്ളവരെ ശാരീരികമായി തൃപ്തിപ്പെടുത്തുന്നതിനായി സ്വന്തം ശരീരം നൽകാൻ നിർബന്ധിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ, ആനന്ദാന്വേഷണം നടത്തുന്നയാൾ പണം നൽകുന്നുണ്ടാകാം, അതിൽ വലിയൊരു ഭാഗം അനാശാസ്യ കേന്ദ്രത്തിന്റെ സൂക്ഷിപ്പുകാരന് പോകുന്നു. അതിനാൽ, ലൈംഗികത്തൊഴിലാളിയെ തന്റെ ശരീരം സമർപ്പിക്കാനും പണം നൽകുന്നയാളുടെ ആവശ്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനുമുള്ള ഒരു പ്രേരണയായി മാത്രമേ ഈ പണമടയ്ക്കലിനെ കണക്കാക്കാൻ കഴിയൂ. അങ്ങനെ, ഒരു വേശ്യാലയത്തിൽ ഒരു ലൈംഗീകത്തൊഴിലാളിയുടെ സേവനം തേടുന്ന ഒരാൾ യഥാർത്ഥത്തിൽ പണം നൽകി ആ ലൈംഗീകത്തൊഴിലാളിയെ വേശ്യാവൃത്തി ചെയ്യാൻ പ്രേരിപ്പിക്കുകയാണ്'. ജഡ്ജി പറഞ്ഞു.



സംസ്ഥാന അധ്യാപക അവാർഡുകൾ മന്ത്രി വി ശിവൻകുട്ടി സമ്മാനിക്കുന്നു